# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ.
/സി.3/346/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.3/346/2023 തീയ്യതി: 29/03/2023

# കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-05-2022 മുതൽ 21-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്,

ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വനജ മാടത്താൻ കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രമ്യ ടി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.സി.ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബാബുജോസഫ്.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ജ്യോതിഷ്ബാബു.കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അശ്വതി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷീബ പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 28-06-2021 |
| ഡോ.നിഖില.പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 29-06-2021 | 17-08-2021 |
| ഡോ.അനില | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-08-2021 | 31-03-2022 |
| ഡോ.ബാബു.എം.പി | വെറ്റിനറി സർജൻ | 01-04-2021 | 02-10-2021 |
| ഡോ.അഭിലാഷ് | വെറ്റിനറി സർജൻ | 03-10-2021 | 31-03-2022 |
| ശ്രീമതി.ലളിത.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി.പ്രഭാവതി.പി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-11-2021 | 31-03-2022 |
| ശ്രീ.പ്രകാശൻ.പി | ഹെഡ് മാസ്റ്റർ | 01-04-2021 | 30-11-2021 |
| ശ്രീമതി.ജെസ്സിജോസഫ് | ഹെഡ് മാസ്റ്റർ | 01-12-2021 | 31-03-2022 |
| ശ്രീമതി.പ്രീത.പിവി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 07-09-2021 |
| ശ്രീ.ഷാജി.പി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 08-09-2021 | 31-03-2022 |
| ശ്രീ.ഷൈൻലാൽ സി.എൻ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (നുച്ച്യാട്) | 01-04-2021 | 12-08-2021 |
| ശ്രീ.വിഷ്ണുരാജ് പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (നുച്ച്യാട്) | 13-08-2021 | 31-03-2022 |
| ശ്രീ.ജലാലുദ്ദീൻ കെ.പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വയത്തൂർ) | 01-04-2021 | 16-12-2021 |
| ശ്രീ.വിനീത് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (വയത്തൂർ) | 17-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.രഞ്ജിത് മാത്യൂ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.സിക് ഫാന ഷമീറ പി.പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | 01-04-2021 | 31-03-2022 |
| ശ്രീ.സിദ്ധാർത്ഥ് വിജയ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 24-07-2021 |
| ശ്രീ.വിനു സുധാകരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 25-07-2021 | 28-11-2021 |
| ശ്രീ.ജിസ്ജോൺസ് ഇമ്മാനുവെൽ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 29-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS) | 1-6 |
| 8 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS)-കൂടുതൽ വിവരങ്ങൾ | 1-6-1 |
| 9 | നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതാണ് | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 13 | ഗ്രാമസഭ | 1-10 |
| 14 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-11 |
| 15 | ആസ്തി പരിപാലനം | 1-12 |
| 16 | തൊഴിൽ നികുതി അപാകങ്ങൾ | 1-13 |
| 17 | വസ്തുനികുതി-മേഖല ,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിലെ അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 18 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 19 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ | 1-16 |
| 20 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-17 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ - അപാകങ്ങൾ | 1-18 |
| 22 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹129625 യുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-20 |

| | | |
|---|---|---|
| 24 | കുടുംബാരോഗ്യ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല - ₹39797-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 25 | എഫ് എച്ച് സി - യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 27 | ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതും അധികം നൽകിയ ₹200000 തിരികെ ഈടാക്കേണ്ടതുമാണ്. | 1-24 |
| 28 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഗോത്ര സാരഥി പദ്ധതി - അപാകങ്ങൾ | 1-25 |
| 29 | സ്കൂളുകൾക്കും തുടർ വിദ്യാ കേന്ദ്രങ്ങൾക്കും പത്രവിതരണം പദ്ധതി - ₹16350-യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-26 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാടകക്ക് വാഹനം - 34500 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു . | 1-27 |
| 31 | ഉളിക്കൽ മണിപ്പാറ തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ പദ്ധതി -ചെലവ് തുക ₹62560 തടസ്സപ്പെടുത്തുന്നു. | 1-28 |
| 32 | അഗതിരഹിത കേരളം പദ്ധതി - അവലോകനം | 1-29 |
| 33 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - 50000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-30 |
| 34 | എസ് എസ് എ വിഹിതം നൽകൽ - അപാകങ്ങൾ | 1-31 |
| 35 | കുടുംബശ്രീ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് ധനഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ₹500000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 36 | പുതുതായി സ്ഥാപിച്ച ജനകീയ ഹോട്ടലുകൾക്ക് ധനസഹായം നൽകൽ - 100000 /- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-33 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കിയില്ല - ₹ 200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 38 | സർക്കാറിന്റെ വ്യക്തമായ നിർദ്ദേശമില്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചു | 1-35 |
| 39 | ബിൽ തുക തയ്യാറാക്കിയതിലെ പിഴവ്.അധീക തുക 8832രൂപ അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്. | 1-36 |
| 40 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- അപാകതകൾ | 1-37 |
| 41 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില - സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയ തുകകൾ അതത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. | 1-38 |
| 42 | ടാർ ബാരൽ വിലയായ 952 രൂപ സഞ്ചിത നിധിയിലേക്കും ജി എസ് ടി | 1-39 |

| | | |
|---|---|---|
| | ഇനത്തിൽ 171രൂപ ജി എസ് ടി വകുപ്പിലും ഒടുക്ക് വരുത്തേണ്ടതാണ്. | |
| 43 | അസിസ്റ്ററന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത പ്രൊജക്ടുകളിൽ കണ്ടെത്തിയ അപാകതകൾ | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതും അധികം നൽകിയ ₹200000 തിരികെ ഈടാക്കേണ്ടതുമാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് നൽകുന്ന ഫണ്ടുകളുടെ വിനിയോഗ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പാ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതിയുടെ 19-2-2021 ലെ 39/21 നമ്പർ യോഗതീരുമാനപ്രകാരം അംഗീകരിച്ച 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 41066018 |
| വരവ് | 447417000 |
| ആകെ വരവ് | 488483018 |
| ചെലവ് | 464398405 |
| നീക്കിയിരിപ്പ് | 24084613 |

24-3-22 ൽ നടന്ന സാധാരണയോഗത്തിലെ 107/22 നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചു.

| പരിഷ്കരിച്ച ബജറ്റ് | |
|---|---|
| മുൻബാക്കി | 15381292 |
| വരവ് | 511943804 |
| ആകെ വരവ് | 527325096 |
| ചെലവ് | 495414327 |
| നീക്കിയിരിപ്പ് | 31910769 |

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 6/7/22 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ ആകെ (Land) ₹520336-യുടെ മൂല്യം മാത്രമേ അക്കൗണ്ട് ചെയ്തിട്ടുള്ളൂ. മുഴുവൻ ഭൂമിയുടേയും മൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റിൽ (2020-21) താഴെ കൊടുത്ത ഇനത്തിലെ ആസ്തിയായി രേഖപ്പെടുത്തിയ തുക 2021-22-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ആസ്തിയിനത്തിലെ മുന്നിരിപ്പ് (2020-21) B-11 | തൻവർഷം ആർജിച്ച ആസ്തി RP-38 (2021-22) | ആകെ | B-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തി B-11 (2021-22) | വ്യത്യാസം |
|---|---|---|---|---|---|
| ടാർ റോഡ് | 134216267 | 5176023 | 139392290 | 142569835 | 3177545 |
| കോൺക്രീറ്റ് റോഡ് | 31096503 | 427949 | 31524452 | 59614171 | 28089719 |
| മെറ്റൽ റോഡ് | 2685987 | - | 2685987 | 2685987 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| എർത്തൻ റോഡ് | 997079 | - | 997079 | 1596762 | 599683 |

മെറ്റൽ റോഡിന്റെ ഒഴികെ ബാക്കി റോഡുകൾ സംബന്ധിച്ച കണക്കുകൾ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത കാരണം 31-03-2022 ലെ ബാലൻസ് ഷീറ്റിൽ റോഡുകൾ സംബന്ധിച്ച യഥാർത്ഥ ആസ്തി വിവരങ്ങൾ പ്രതിഫലിച്ചിട്ടില്ല.

3. ഫെഡറൽ ബാങ്ക് CFC-PFMs-സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് ബാലൻസ് 8634852 രൂപയും ബാങ്ക് ബുക്ക് ബാലൻസ് 6360010 രൂപയും ആണ്എന്നാൽ അക്കൗണ്ടിൽ 6420164 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് 60154രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4.ട്രഷറിയിലെ LGTSB അക്കൗണ്ട് നമ്പർ 799013000000376 പാസ് ബുക്ക് പ്രകാരം 1000062 രൂപയും ബാങ്ക് ബുക്ക് പ്രകാരം 1000000 രൂപയുമാണ് നീക്കിയിരിപ്പ് തുക.വ്യത്യസം വന്ന തുക 62 രൂപ സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല.

5 ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനപ്രതിനിധികളുടെ ഓണറേറിയം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ് എന്നിവയുടെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6.ഇൻവെസ്റ്റ്മെന്റ് രജിസ്ററർ പ്രകാരം ആകെ 675000രൂപയാണ് പലിശ ഇനത്തിൽ വരവ് കാണിച്ചിരിക്കുന്നത്. എന്നാൽ എ.എഫ്.എസ് പ്രകാരം (I-7 ഷെഡ്യൂളിൽ) 725000 രൂപ പലിശ ഇനത്തിൽ വരവ് കാണുന്നുണ്ട്. വ്യത്യാസത്തിനുള്ള കാരണം അറിയിച്ചിട്ടില്ല. പലിശ ഏത് രീതിയിലാണ് അക്കൗണ്ട് ചെയ്യുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

7. എഫ്.ടി.ഇ.&ഒ.എസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

8.ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററിൽ ആകെ കളക്ഷൻ 1413890രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ 1380690രൂപ മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ (RP-1 ഷെഡ്യൂളിൽ) ഉൾപ്പെടുത്തിയിരിക്കുന്നത്.

9.ടെണ്ടർ ഫോം വിൽപ്പന ഇനത്തിലെ വരവ് തുക 133100രൂപ പരിശോധിക്കാനായി ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

10.ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയായി 123760രൂപ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളിൽ നിന്നുള്ളവ ഒഴികെയുള്ള തുകകൾ അതത് ഫണ്ടിലേയ്ക്ക് തിരിച്ചടവ് വരുത്തേണ്ട തുകയാണ്

11.B16 ഷെഡ്യൂളിൽ പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് ഇനത്തിൽ ചേർത്ത 48699776 രൂപ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

12.വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 29/3-3-23 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 22954737 |
| വരവ് തുക | 135124296 |
| ആകെ | 158079033 |
| ചെലവ് തുക | 126086958 |
| നീക്കിയിരിപ്പ് | 31992075 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 200000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1003297 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 32525487 | 32525487 | 31856512 | 668975 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1324000 | 1324000 | 1324000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3902000 | 3902000 | 3902000 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 15804000 | 15804000 | 13379128 | 2424872 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 0 | 9358020 | 9358020 | 6067581 | 3290439 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7925846 | 7925846 | 7925846 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ് | 0 | 15920905 | 15920905 | 6498568 | 9422337 |
| തൊഴിലുറപ്പ് പദ്ധതി | 6590 | 104293756 | 104300346 | 104297723 | 2623 |
| ടി എസ് സി | 590906 | 9847 | 600753 | 55000 | 545753 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 763392 | 1432345 | 2195737 | 2099750 | 95987 |
| ശുചിത്വമിഷൻ | 718225 | 32676 | 750901 | 0 | 750901 |
| എസ് എസ് എ | 9877 | 0 | 9877 | 0 | 9877 |
| സാക്ഷരത ഗ്രാന്റ് | 6682 | 194 | 6876 | 0 | 6876 |
| എം പി ഫണ്ട് | 10723 | 1119615 | 1130338 | 0 | 1130338 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് | 12104488 | 391069 | 12495557 | 4608465 | 7887092 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് സ്റ്റേറ്റ് സ്പോൺസേർഡ് | 105000 | 7037501 | 7142501 | 6865000 | 277501 |
| ജലനിധി | 2011905 | 5146374 | 7158279 | 6580294 | 577985 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് മറ്റ് സ്ഥാപനങ്ങൾ | 370000 | 0 | 370000 | 0 | 370000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 279 | 187406390 | 231 | 95691898 | 73 | 48 | 57% |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 46 | 32 | 36651113 | 13746388 | 38 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 3631114 | 2702187 | 74.41 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 134 | 54097233 | 34310755 | 63.42 |
| 4 | കൃഷി ഓഫീസർ | 15 | 14 | 7360172 | 6288882 | 85.44 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 11 | 59317691 | 19130164 | 32 |
| 7 | മെഡിക്കൽ ഓഫീസർ FHC | 8 | 7 | 3961331 | 2929219 | 74 |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 10 | വെറ്ററിനറി സർജൻ | 4 | 3 | 3300000 | 2212500 | 67 |
| 11 | ICDS സൂപ്പർവൈസർ | 8 | 8 | 8096030 | 7538328 | 93 |
| 12 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 12 | 7 | 3259000 | 994910 | 31 |
| 13 | ഡയറി എക്റ്റൻഷൻ ഓഫീസർ | 2 | 2 | 6140706 | 4607365 | 75 |
| 14 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 492000 | 131200 | 27 |
| | ആകെ | 279 | 231 | 187406390 | 95691898 | 52 |

ആകെ അടങ്കൽ തുകയുടെ 50%തുക മാത്രമാണ് ചെലവ് നടത്തിയത്. സെക്രട്ടറിയുടെ ചെലവ് 38 ശതമാനവും ഹെഡ് മാസ്റ്ററുടെ ചെലവ് 31 ശതമാനവും മാത്രമാണ്. പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുവാനുള്ള പദ്ധതി നിർവഹണം നടപ്പാക്കാത്തതിനാൽ മേൽ പ്രൊജക്ടിനു വേണ്ടി നീക്കിവച്ച വികസന (എസ് സിപി) ഫണ്ടിനത്തിലെ 150000രൂപ ലാപ്സായിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 6590 | 985771 | 992361 | 989738 | 2623 |
| തൊഴിലാളികളുടെ കൂലി | 0 | 103307985 | 103307985 | 103307985 | 0 |
| ആകെ | 6590 | 104293756 | 104300346 | 104297723 | 2623 |

## 1-6-1 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS)-കൂടുതൽ വിവരങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS) സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരേയും ആകെ 7458 എണ്ണം തൊഴിൽ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 4072 പേർക്ക് 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്

2. 2021-22 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ 826എണ്ണം പ്രൊജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. ആയതിൽ 488 എണ്ണം മെറ്റീരിയൽ പ്രവൃത്തികൾ ആണ്. എന്നാൽ 789 പ്രവൃത്തികളുടെ പേമെന്റ് നടത്തിയിട്ടില്ല, തൊഴിലാളികളുടെ കൂലി ഇനത്തിൽ ആകെ 3450000 രൂപ ഇനിയും നൽകാനുണ്ട് എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/28.03.2023) മറുപടിയായി അറിയിച്ചിട്ടുണ്ട്.

3.2021-22സാമ്പത്തിക വർഷത്തിലെ ഫയലുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയോ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യുടെ അക്രഡിറ്റഡ് എഞ്ചിനീയർ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഫയലുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും തൊഴിലാളികളുടെ കൂലി കൃത്യമായി നൽകേണ്ടതുമാണ്.

## 1-6-2 നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതാണ്

250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ. ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതുണ്ട്. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) 30/7/2019 ലെ സർക്കുലർ നമ്പർ 957/ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക. എന്നാൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരേയും നിർവഹണം ചെയ്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി സ്രോതസ്സി നിന്ന് കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.
ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിമൂല്യം | മെറ്റീരിയൽ | ജിഎസ് ടി |
|---|---|---|---|

| | | | |
|---|---|---|---|
| | | ചെലവ് | ഈടാക്കേണ്ടത് |
| റോഡ് കോൺക്രീറ്റിംഗ് -പീടികക്കുന്ന് മുന്തിരി റോഡ് | 496371 | 464425 | മെറ്റീരിയൽ ചെലവിന്റെ 2% |
| രണ്ടാംകൈ മല പൊട്ടിച്ചാൽ റോഡ് | 496376 | 405026 | മെറ്റീരിയൽ ചെലവിന്റെ 2% |

രണ്ടര ലക്ഷം രൂപയിൽ അധികം മെറ്റീരിയൽ ചെലവ് ഉൾപ്പെടുന്ന മുഴവൻ പ്രവൃത്തികളുടെയും ബില്ലിൽ നിന്നും 2 ശതമാനം നിരക്കിൽ ജി.എസ്.ടി. ടി.ഡി.എസ്. ചെയ്ത് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽരഹിത വേതനം | 18 | 16800 |
| കർഷകതൊഴിലാളി പെൻഷൻ | 377 | 6279400 |
| വിധവാ പെൻഷൻ | 1333 | 21155800 |
| വാർദ്ധക്യകാല പെൻഷൻ | 3394 | 52723800 |
| ഭിന്നശേഷി പെൻഷൻ | 423 | 6728500 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 56 | 856000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 7 | 210000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-02-2023 തീയ്യതിയിൽ 12.00 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,848/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡെപോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ ഇൻകമ്പൻസി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ രണ്ടു തവണ യോഗം ചേർന്നിട്ടുണ്ട്.എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല.പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവീധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.
പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ 20 വാർഡുകൾ ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ഗ്രാമസഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ ഒരു തവണ മാത്രമേ ഗ്രാമസഭ ചേർന്നിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു. 2022 ജനുവരി, മാസത്തിൽ ആണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് ഗ്രാമസഭ യോഗം ചേരുന്നതിൽ കുറവ് വന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 2021-22 വർഷത്തിൽ കാര്യക്ഷമമായ രീതിയിൽ ചേർന്നതായി കാണുന്നില്ല ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യക്ഷേമം, ചെറുകിട വ്യവസായം, ജൈവവൈവിദ്ധ്യം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകൾ 2021-22 വർഷത്തിൽ യോഗം ചേർന്നിട്ടില്ല.വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവഹണം പൂർത്തീകരിക്കുന്ന വേളയിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-12 ആസ്തി പരിപാലനം

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടതും നിശ്ചിത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്തതുമായ ആസ്തികൾ ഒന്നുമില്ല.

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് 2020-21 സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന ഭൂനികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കിയിട്ടുണ്ട്.

3.ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുകയും പുറമ്പോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

4.ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉളിക്കൽ, മാട്ടറ, മണിക്കടവ്, പേരട്ട, വട്ട്യംതോട് എന്നീ സ്ഥലങ്ങളിൽ പകൽവീടുകൾ /വൃദ്ധ സദനങ്ങൾക്ക് വേണ്ടി നിർമിച്ച കെട്ടിടങ്ങൾ നിശ്ചിത ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂളിനായി കെട്ടിടം നിർമിച്ച് പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് പോരായ്മയാണ്.

5.നിലവിൽ നിഷ്ക്രിയമായ നിലയിൽ കുടിവെള്ള പദ്ധതികളൊന്നും നിലനിൽക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ സൈറ്റ് പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടും നെല്ലിക്കാംപൊയിൽ കുടിവെള്ള പദ്ധതി പൊതുജനങ്ങൾക്കായി നാളിതുവരെയും തുറന്നു കൊടുത്തിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ആയത് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
6.ആസ്തി രജിസ്റ്റർ കാലികമല്ല. മഹാത്മാ ദേശീയ ഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുറമ്പോക്ക് രജിസ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ ആസ്തിയും ഉൾപ്പെടുത്തി ആസ്തി രജിസ്ററർ കാലികമാക്കേണ്ടതാണ്.
ആസ്തി പരിപാലനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/26.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി അപാകങ്ങൾ

2020-21 വർഷം തൊഴിൽനികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 21-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. സെവൻഡേയ്സ് സൂപ്പർമാർക്കറ്റ്

2.ഐഡിയൽ എഞ്ചിനീയറിംഗ് പുറവയൽ

3.എഡ്വേ ഇ സർവ്വീസ്

4.അഭി ലൈറ്റ് &സൗണ്ട്

5.ഗ്ലോറി മെറ്റൽസ് മണിക്കടവ്

6. ഷാലിമാർ ഉളിക്കൽ

7. ഉളിക്കൽ ടയേഴ്സ് കോക്കാട്

8. ഉളിക്കൽ പഞ്ചായത്ത് വനിതാസഹകരണ സംഘം

9. ടേസ്റ്റി ഹോട്ടൽ മണിക്കടവ്

10.ബ്രദേഴ്സ് ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്

11.ട്രെൻഡ്സ് ബാഗ്സ് &ഇന്റീരിയേഴ്സ്

12.സ്റ്റാർ കാർസ് ഉളിക്കൽ

13.സൂര്യ ഇൻഡസ്ട്രീസ്

14.ലാൻഡ് മാർക്ക് ഉളിക്കൽ

15.ഹൈലാന്റ് സ്റ്റീൽസ് മണിക്കടവ്

കൂടാതെ 2021-22സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകത കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി-മേഖല ,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിലെ അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

06.12.11 തീയതിയിലെ എ2-10005/11 പ്രകാരമുള്ള ഉളിക്കൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം അന്തിമവിജ്ഞാപനം അനുസരിച്ച് 3,4,7,9,14,15 എന്നീ വാർഡുകൾ ഒഴികെ ബാക്കിയുള്ള വാർഡുകൾ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ താഴെ കൊടുത്ത കെട്ടിടങ്ങളിൽ 8ാം വാർഡായ വട്ട്യാംതോടിൽ ഉൾപ്പെടുന്നവയെ ദ്വിതീയം ,തൃതീയം മേഖലയിൽ ഉൾപ്പെടുത്തി ഇളവ് അനുവദിച്ചിട്ടുണ്ട്.കൂടാതെ2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം വസ്തുനികുതി നിർണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ ഇളവുകളും വർദ്ധനവും എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം ഒന്നര മീറ്ററോ അതിൽ കുറവോ ഉള്ള വഴിയാണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% ഇളവും അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ 20% വർദ്ധനവും അഞ്ചു മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലുള്ളതുമാണെങ്കിൽ ഇളവ്, വർദ്ധനവ് അനുവദിക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അംഗീകരിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വഴി സൗകര്യം/മേഖല പരിഗണിക്കാതെ അടിസ്ഥാന വസ്തുനികുതിയിൻ മേൽ ഇളവ് അനുവദിച്ചിട്ടുണ്ട്

| ക്രമനം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ/ ഉപയോഗ ക്രമം | വിസ്തീർണ്ണം ച.മീ | അനുവദിച്ച ഇളവുകൾ/ വർദ്ധനവ് | സൈറ്റ് പ്ലാൻ പ്രകാരമുള്ള വഴി സൗകര്യം | അനുവദിക്കേണ്ട ഇളവുകൾ/ വർദ്ധനവ് | ഡിമാന്റ് ചെയ്ത നികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹3/m² | ഡിമാന്റ് ചെയ്യേണ്ടുന്ന നികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹3/m² |
|---|---|---|---|---|---|---|---|---|
| 1 | പള്ളരത്തിൽ സിബി പി വി | 8/531 A പാർപ്പി ടാവശ്യം | 133.13 | മേഖല-10% ഇളവ് വഴി സൗകര്യം-ഇളവ്, വർദ്ധനവ് ഇല്ല | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-ഇളവ്, വർദ്ധനവ് ഇല്ല വഴി സൗകര്യം-20% വർദ്ധനവ് | 378 | 503 |
| 2 | മൂപ്പന്റകത്ത് അസൈനാർ | 17/66 പാർപ്പി ടാവശ്യം | 184.85 Gf-94.56 Ff-90.29 Tax Revision File Ff കൂട്ടിചേർത്തതിന്റെ അടിസ്ഥാനത്തിൽ 21-22 First Half ൽ നികുതി നിർണയിച്ച | മേഖല-ഇളവ്, വർദ്ധനവ് ഇല്ല വഴി സൗകര്യം-ഇളവ്, വർദ്ധനവ് ഇല്ല കാലപ്പഴക്കം-20% ഇളവ് | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-ഇളവ്, വർദ്ധനവ് ഇല്ല വഴിസൗകര്യം-20% വർദ്ധനവ് കാലപ്പഴക്കം-20% ഇളവ് | 467 | 562 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | കൈപ്പയിൽ നബീസ | 8/145b പാർപ്പി ടാവശ്യം | 67.27 | മേഖല-20% ഇളവ് വഴി സൗകര്യം-20% വർദ്ധനവ് | - | മേഖല-ഇളവ്, വർദ്ധനവ് ഇല്ല വഴിസൗകര്യം-20% വർദ്ധനവ് | 213 | 254 |
| 4 | പരക്കാട്ട് ജെയിംസ് ലാൽ | 13/191a പാർപ്പി ടാവശ്യം | 312.3 Gf-183.01 Ff-129.29 | മേഖല-10% ഇളവ് വഴി സൗകര്യം-20% വർദ്ധനവ്,തറ നിർമ്മിതി-15% വർദ്ധനവ് | - | മേഖല-ഇളവ്, വർദ്ധനവ് ഇല്ല വഴി സൗകര്യം-20% വർദ്ധനവ്,തറ നിർമ്മിതി-15% വർദ്ധനവ് | 1231 | 1328 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/03.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർ നിർണയം നടത്തി അപാകം പരിഹരിക്കേണ്ടതും നഷ്ടമായ തുക ഈടാക്കേണ്ടതുമാണ്.

## 1-15 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

1. കെ.എം.മുഹമ്മദ് നസീർ എന്നവരുടെ ഉടമസ്ഥതയിലുള്ള 6/367,368 നമ്പർ കെട്ടിടങ്ങളിലായി നാഷണൽ ഗ്രാനൈറ്റ് &ഹോളോബ്രിക്സ് എന്ന പേരിൽ സ്റ്റോൺ ക്രഷർ പ്രവർത്തനത്തിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 6/368 എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചതിൽ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്(ഇഷ്ടിക ചൂള) എന്നതിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

2. ശ്രീ, ജോസഫ് ഫ്രാൻസിസ്, എന്നവരുടെ ഉടമസ്ഥതയിൽ XIII 149/A നമ്പർ കെട്ടിടത്തിൽ40HP മോട്ടോർ ഉപയോഗിച്ച് റഡ്സ്റ്റോൺ ടൈൽ കട്ടിംഗ് & മോൾഡിംഗ് എന്ന ചെറുകിട വ്യവസായ സംരംഭം നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചതിൽ കോഴി വളർത്തൽ ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഉറപ്പ് വരുത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ

സർക്കാരിന്റെ 26.05.2017 തീയതിയിലെ സ ഉ(കൈ)നം.106/2017/തസ്വഭവ ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. നികുതി ഇളവ് ലഭിക്കുന്നതിനായി പുതിയ അപേക്ഷകർ അപേക്ഷയോടൊപ്പം നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രവും സത്യവാങ്മൂലവും സമർപ്പിക്കേണ്ടതാണ്. തുടർന്ന് ഓരോ വർഷവും നികുതിയിളവ് ലഭിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം മാർച്ച് 31 ന് മുമ്പായി തദ്ദേശ സ്വയംഭരണമേധാവിക്ക് നൽകേണ്ടതാണ്.19.05.21 ലെ സ.ഉ.(സാധാ)1014/2021/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം 2021-22 സാമ്പത്തിക വർഷം വസ്തുനികുതി ഇളവിന് സാക്ഷ്യപത്രം സമർപ്പിക്കേണ്ട സമയപരിധി 30.06.21 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ മേൽ കാലയളവിന് ശേഷം അനുവദിച്ച അപേക്ഷകളിലും നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| 8/75B | കൊണ്ടാട്ടുകുന്നേൽ ബ്ലസ്സി | 03.08.21 |
| 13/206 | പുതിയകുളങ്ങര സെബാസ്റ്റ്യൻ എൽസി | 01.09.21 |
| 13/583B | പുള്ളിയിൽ ജോസഫ് ചാക്കോ | 13.08.21 |
| 13/537A | പാലയ്ക്കൽ പുരയിടത്തിൽ അബ്രഹാം | 30.12.21 |

| | | |
|---|---|---|
| 13/19A | പൂമരത്തിൽ വർഗ്ഗീസ് | 12.12.21 |
| 13/662B | പൂമരത്തിൽ ആന്റണി | 25.03.22 |
| 8/2 | തോമസ് ആറ്റുചാലിൽ | 05.02.22 |
| 8/29A | കുഞ്ഞാപറമ്പിൽ ജോസഫ് | 27.01.22 |

സമയപരിധിക്കുശേഷം ലഭിച്ച അപേക്ഷകളിൽ നികുതിയിളവ് അനുവദിച്ചതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/03.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) 4,5,6,11 വാർഡുളിലെ വിമുക്തഭടൻമാരുടെ വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/03.03.23) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും നിശ്ചിത സമയത്തിനകം സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ അർഹരായവർക്ക് മാത്രമാണ് ഇളവ് അനുവദിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. രേഖകൾ ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ച മുഴവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി അനർഹമായി നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-17 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 5 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. 15.03.2010 ലെ 78327/ആർ സി 3/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി, റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്, റവന്യൂ വകുപ്പിൽ നിന്നോ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നോ എക്സപ്ലോസീവ്സ് ചട്ടങ്ങൾ2008 പ്രകാരം സ്ഫോടകവസ്തു ഉപയോഗിക്കുന്നതിനുള്ള അനുമതി, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്. ക്വാറി ലൈസൻസ് അപേക്ഷകളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.കെ.ടി.അനസിന്റെ ഉടമസ്ഥതയിലുള്ള കരിങ്കൽ ക്വാറിക്ക് അഞ്ചു വർഷത്തേക്ക് (രശീത് നമ്പർ 119020109134/28.02.2020) ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകളുടെ കാലാവധി അവസാനിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു.

A. എക്സ്പ്ലോസീവ് ലൈസൻസ് 31.03.21ന് കാലാവധി അവസാനിച്ചു.

B. മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി 06.03.2020 ന് അവസാനിച്ചു.

2. കെ.കെ.സുരേന്ദ്രൻ ഉടമസ്ഥതയിലുള്ള ഫൈവ് സ്റ്റാർ കരിങ്കൽ ക്വാറിക്ക്മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി 01.03.21 ന് അവസാനിച്ചു.
പുതുക്കിയ രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. 02.09.21 തീയതിയിലെ ഭരണസമിതി യോഗത്തിൽ 6ാം വാർഡിൽ താമസിക്കുന്ന ശ്രീമതി.സതി .പാലയാടൻ നൽകിയ പരാതി പരിഗണിച്ചിട്ടുണ്ട്. ഉദൈഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ക്രഷർ യാർഡിൽ നിന്ന് മഴവെള്ളവും ചളിയും കുത്തിയൊഴുകി അവരുടെ വീടും കിണറും കൃഷിയിടവും മലിനമായെന്ന പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ക്രഷർ 2021-22 വർഷം ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത ക്വാറി/സ്റ്റോൺ ക്രഷറുകൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതും, ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിന് മുമ്പ് മേൽ വിവരിച്ച രേഖകളുടെ കാലാവധി അവസാനിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ - അപാകങ്ങൾ

ഉളിക്കൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ, മത്സ്യ മാർക്കറ്റിലെ മുറികൾ എന്നിവ വാടകക്ക് നൽകിയിട്ടുണ്ട്. 2021-22 വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചില മുറികൾക്ക് വാടക കുടിശ്ശിക കാണുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട | കുടിശ്ശിക |
|---|---|---|

| | നം | |
|---|---|---|
| 1 | 12/39U | 34740 (18-19 വർഷം) |
| 2 | 12/39V | 18528(18-19വർഷം) |
| 3 | 12/592Z6 | 81900(20-21വർഷം |

ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യ മാർക്കറ്റ് എന്നിവയിൽ നിന്നുമായി പിരിച്ചെടുക്കാൻ ബാക്കിയുള്ള കുടിശ്ശിക തുക(53268+81900=135168) രജിസ്റ്റർ പ്രകാരം 135168/- രൂപയാണ്. എന്നാൽ AFS പ്രകാരം 53268/-രൂപയാണ് ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നത്.ഷോപ്പിംഗ് കോംപ്ലക്സിലും, മത്സ്യ മാർക്കറ്റിലുമായി വാടകക്ക് നൽകിയ മുറികളിലെ വാടകക്കാർ 21-22 വർഷം ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ, വാടകക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(35/04.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകക്കരാർ പുതുക്കാതെയും, ലൈസൻസ് എടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതും, വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 12/39L,12/39M,12/39T ,12/39U,12/39V എന്നീ മുറികളും, മത്സ്യ മാർക്കറ്റിൽ 12/592X,12/592Y,12/592Z, 12/592Z1,12/592 Z2,12/592 Z3, 12/592 Z6, 12/592 Z7 എന്നീ സ്റ്റാളുകളും,12/592 E, 12/592 I,12/592J എന്നീ മുറികളും, ഒഴിഞ്ഞ് കിടക്കുന്നുണ്ട്.ഇപ്രകാരം മുറികൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമൊഴിവാക്കി മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

28/9/2013 ലെ GO(MS)No.318/2013/LSGD പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്ത് നടത്തിയ ഇ-ടെണ്ടർ പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട തുകകൾ നാളിതുവരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/24-2-23ന് മറുപടിയായി 2016-2017 മുതൽ 2021-22 വരെ ടെണ്ടർ ഫോറം വില ഇനത്തിൽ 608634രൂപ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്ന് ലഭിക്കാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 35240 |
| 2017-18 | 145708 |
| 2018-19 | 152360 |
| 2019-20 | 133227 |
| 2020-21 | 54416 |
| 2021-22 | 87683 |
| ആകെ തുക | ₹608634 |

പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക 608634രൂപ എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹129625 യുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ, പേര് | 11/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഫണ്ട് -നോൺറോഡ് |
| ചെലവ്, ബിൽ നമ്പർ, | ₹300000, 21220652008201190678, 19-1-22 |

| | |
|---|---|
| തീയതി | |

ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം ₹300000 ഹോംകോയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഹോംകോ 7-3-2022 ന് തുക കൈപ്പറ്റിയതായി രശീത് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LF 1455, തീയതി 28-12-22 പ്രകാരം 170375/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ബാക്കി 129625/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ മുഴുവനായും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അസ്സൽ ബിൽ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 കുടുംബാരോഗ്യ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല - ₹39797-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി. |
| പ്രോജക്ട് നമ്പർ, പേര് | 1137/22, കുടുംബാരോഗ്യ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹39797 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹39797, 2122065200800136681, 18-3-22 |

ഉളിക്കൽ എഫ് എച്ച് സി യിലേക്കാവശ്യമായ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ സി പി ആർ സി എസ് മുഖേന വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. കെൽട്രോൺ 15-3-22 ന് ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സിന്റെ (TVM/ITBG /PI/RC/36420/20-21) അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് (₹39797) കേരള സ്റ്റേറ്റ് ഐടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കെൽട്രോൺ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ ലഭ്യമാക്കിയതിന്റെ അസ്സൽ ബിൽ, കമ്പ്യൂട്ടർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/3-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹39797-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 എഫ് എച്ച് സി - യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങുന്നതിനായി (പാലിയേറ്റീവ് പദ്ധതി ഉൾപ്പെടെ) തയ്യാറാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കിയ പ്രഫോർമ്മ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ അവരുടെ അക്കൗണ്ടിലേക്ക് ₹679395 (174996+300000+204399) മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി മരുന്ന് ലഭിച്ചതിന്റെ അസ്സൽ ഇൻവോയ്സുകളും അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തീയതി, തുക | മുൻകൂർ തുക നൽകിയ സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | ഒടുക്കിയ തുക | ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ, തീയതി, തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 132/22 മാനസിക വൈകല്യം ബാധിച്ച വർക്കും ഭിന്നശേഷി ഉള്ള തുമായ നിത്യരോഗികൾക്ക് മരുന്ന് ലഭ്യമാക്കൽ | ₹174996, 2122065200800144 0037, 24-3-22 | KMSCL | 7025, 18-3-22 | 174996 | 1777/9-5-22, ₹67974 12459/29-9-22, ₹27499 ആകെ ₹95473 | ₹79523 |
| 298/22, എഫ് എച്ച് സി യിലേക്ക് | ₹300000, 2122065200800124 2505, | KMSCL | 6097, 23-2-22 | ₹300000, | 9305/25-8-22, ₹96459 | ₹3643 |

| | | | | | | |
|---|---|---|---|---|---|---|
| മരുന്ന് വാങ്ങൽ അധിക തുക വകയിരുത്തൽ | 4-3-22 | | | | 14151/18-10-22, ₹5077 14615/21-10-22, ₹5216 17049/14-11-22, ₹28013 18251/23-11-22, ₹16235 18937/26-11-22, ₹34981 22289/6-1-23, ₹80244 22705/11-1-23, ₹30132 ആകെ തുക ₹296357 | |
| 123/22, പെയിൻ & പാലിയേറ്റീവ് | ₹204399 21220652008001242495, 4-3-22 | KMSCL | 5932, 19-2-22 | ₹204399 | 6149/15-7-22, ₹21020 11738/21-9-22, ₹43193 12547/29-9-22, ₹8677 14011/17-10-22, ₹16019 17080/14-11-22 ₹780 19098/28-11-22, ₹21105 20165/15-12-22, ₹2530 21304/26-12-22, ₹12376 22330/7-1-23, ₹2239 23069/13-1-23, ₹1108 ആകെ തുക ₹129047 | ₹75352 |

ബാക്കിയുള്ള മരുന്ന് ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/3-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 23/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹1250000 | ₹ 3,12,500 വികസനഫണ്ട് പൊതുവിഭാഗം<br>₹ 3,12,500 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹ 6,25,000 മറ്റുള്ളവ |
| ചെലവ് | ₹ 3,12,500 വികസനഫണ്ട്<br>ബിൽ നമ്പർ 21220652008101004764 , 21-1-2022 |

50 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് എസ്.എൽ.ബി.പി-സി.എ.പി പദ്ധതി മാനദണ്ഡ പ്രകാരം തീറ്റ നൽകി ഉൽപ്പാദനക്ഷമമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 50 ഗുണഭോക്താക്കൾക്ക് പേരട്ട, അറബി എന്നീ ക്ഷീരസഹകരണ സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ₹ 3,12,500 പിൻവലിച്ച് കണ്ണൂർ ജില്ലാ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (29/3-3-23) നൽകിയതിനെ തുടർന്ന് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. അറബി ക്ഷീര സഹകരണ സംഘം ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം അനീഷ് ജോർജ്ജ് എന്ന ഗുണഭോക്താവ് 08/2022 വരെ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. ടിയാൻ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തി ബാക്കിയുള്ള സബ്സിഡി തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതും മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-24 ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതും അധികം നൽകിയ ₹200000 തിരികെ ഈടാക്കേണ്ടതുമാണ്.

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

I. ₹2,00,000 അധികം അനുവദിച്ചത് : ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ വി ഇ ഒ വയത്തൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ ₹11,54,40,864 യും 2021-22 വർഷം ആകെ ₹13732960 യും ചെലവഴിച്ചിട്ടുണ്ട്. സ.ഉ (കൈ)നം 34/2018/തസ്വഭവ തീയതി 16-3-2018 പ്രകാരം പുറപ്പെടുവിച്ച ലൈഫ് മാർഗരേഖ രണ്ടാം ഘട്ടം പ്രകാരം ജനറൽ, പട്ടിക ജാതി എന്നീ വിഭാഗത്തിൽപെടുന്ന ലൈഫ് ഗുണഭോക്താക്കൾക്ക് ₹4,00,000 യും പട്ടിക വർഗ്ഗ സങ്കേതത്തിലെ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി തുക ₹6,00,000 യുമാണ്. മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ 2021-22 വർഷം വരെ ലൈഫ് ഭവന പദ്ധതിയുടെ ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ മൂന്ന് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി ആകെ ₹16,50,864 (12,89,517 + 1,25,000 + 2,36,347) അനുവദനീയമായതിലും അധികം അനുവദിച്ചിട്ടുണ്ട്. ഇതിൽ ₹2,00,000/- 2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ അനുവദിച്ചതാണ് (2020-21 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20, 3-1 കാണുക). 2021-22 വർഷം അധിക തുക അനുവദിച്ചവരുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | 2020-21 വർഷം വരെ അനുവദിച്ച തുക | തൻവർഷം അനുവദിച്ച തുക, ബിൽ നമ്പർ, തീയതി | ആകെ അനുവദിച്ച തുക | തൻവർഷം അ ധികം ന ൽകിയത് |
|---|---|---|---|---|---|---|
| 1 | കുഞ്ഞിരാമൻ മരക്കോറ | KLGB 40525100006390 | ₹360000 (₹40000 വൗച്ചർ നമ്പർ 234/19-20/ 24-2-20 +₹160000 വൗച്ചർ നമ്പർ 98/20-21/ 13-1-21+₹160000 വൗച്ചർ നമ്പർ 301/20-21/ 30-3-21) | ₹160000 2122065200770030333 8, 9-8-21 | ₹520000 | 120000 |
| 2 | റെയ്ഹാനത്ത് | KLGB 40443100007439 | ₹420000 (₹40000 വൗച്ചർ നമ്പർ 21800558/ 26-10-18+ ₹220000 ചെക്ക് നമ്പർ 823192/7-1-19 +₹160000 ചെക്ക് നമ്പർ 823195/14-10-19) | ₹40000 2122065200770099414 8, 21-1-22 | ₹460000 | 40000 (20000 രൂപ മുൻ വർഷ ങ്ങളിൽ അധികം നൽകി യിട്ടുണ്ട്) |
| 3 | രഞ്ജിത്ത് ചന്ദ്രൻ | UBIN 6160002010005516 | ₹400000 (₹40000 വൗച്ചർ നമ്പർ 236/20-21 /24-2-20+₹160000 വൗച്ചർ നമ്പർ 55/20-21/7-8-20+ ₹160000 വൗച്ചർ നമ്പർ 99/20-21 /13-1-21+₹40000 വൗച്ചർ നമ്പർ 302/20-21/ 30-3-21) | ₹40000 2122065200770020445 2, 12-7-21 | ₹440000 | 40000 |
| | | | | ആകെ | | 200000 |

തൻവർഷം അധികം അനുവദിച്ച 200000/- ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

II. <u>ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് :</u> ലൈഫ് ഭവന പദ്ധതി ഫേസ് II, ഫേസ് III എന്നിവയിൽ ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് നല്കിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കി | ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | രാധ വരപ്രത്ത് | 28-12-2018 | 360000 | 40000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. വീട്ടുനമ്പർ ലഭിക്കാത്തതിനാൽ അവസാന ഗഡു നൽകിയില്ല. |
| 2 | വർക്കി വളവുങ്കൽ | 28-07-2018 | 378518 | 21482 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. പ്രവൃത്തി അന്തിമ ഘട്ടത്തിൽ |
| 3 | മേരി മേനാടപ്പള്ളി | 30-10-2021 | 360000 | 40000 | മൂന്നാംഗഡു 160000/- രൂപ അനുവദിച്ചത് 8-2-23 ന്. ഭവ ന നിർമ്മാണം പൂർത്തിയാകാറായി |
| 4 | കുഞ്ഞിരാമൻ മരക്കോറ | 26-02-2020 | 200000 | 200000 | ഭവന നിർമ്മാ ണം പൂർത്തിയാ യി. വീട്ടുനമ്പർ ലഭിച്ചിട്ടില്ല. അധികമായി അനുവദിച്ച തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

ഗുണഭോക്താക്കൾ ഇതിനോടകം വീട്ടുപണി പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/4-3-23) മേല്പട്ടികയിൽ ചേർത്ത പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പട്ടികയിലെ ക്രമ നമ്പർ 4, കുഞ്ഞിരാമൻ മരക്കോറ എന്ന വ്യക്തിക്ക് 2021-22 വർഷം വരെ ആകെ ₹120000 അധികം അനുവദിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ടിയാന് ₹200000 ഇനിയും നൽകാനുള്ളതായും കാണുന്നു. ഭവന നിർമ്മാണം പൂർത്തിയായെന്നും വീട്ടുനമ്പർ ലഭിച്ചിട്ടില്ല എന്നും അധികമായി അനുവദിച്ച തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ രണ്ടു വസ്തുതകളിലേയും പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി തൻവർഷം അധികം അനുവദിച്ച ₹200000 ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും പരിശോധനാ വിധേയമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതും നാളിതുവരെയായി അധികം അനുവദിച്ച മുഴുവൻ തുകയും തിരികെ ഈടാക്കി വിവരം ലഭ്യമാക്കുന്നതിലേക്കായി ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുന്നു.

## 1-25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഗോത്ര സാരഥി പദ്ധതി - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവണ്മെന്റ് എൽ പി സ്കൂൾ പെരുമ്പള്ളി |
| പ്രോജക്റ്റിന്റെ പേര് | ഗോത്ര സാരഥി പദ്ധതി |
| പ്രോജക്റ്റിന്റെ നം | 314/2022 |

| | |
|---|---|
| അടങ്കൽ 492000 രൂപ | 192000 വികസന ഫണ്ട്<br>300000 വികസന ഫണ്ട് -ടി.എസ്.പി |
| ചെലവ് – 362000 /- രൂപ | 62000 വികസന ഫണ്ട്<br>300000 വികസന ഫണ്ട് -ടി.എസ്.പി |
| ബിൽ നമ്പർ / തീയതി | 7/21-22//02-02-2022 ₹206681 |
| | 8/21-22//21-03-2022 ₹93319 |
| | 7/21-22//22-03-2022 ₹62000 |

ഗവണ്മെന്റ് എൽ പി സ്‌കൂൾ മാട്ടറ, ഗവണ്മെന്റ് എൽ പി സ്‌കൂൾ പെരുമ്പള്ളി, ഗവണ്മെന്റ് യു പി സ്‌കൂൾ നുച്ചിയാട് , ശാരദ വിലാസം എയ്‌ഡഡ് യു പി സ്‌കൂൾ പരിക്കളം, സെന്റ് തോമസ് യു പി സ്‌കൂൾ മണിക്കടവ് , സെന്റ് ജോസഫ് യു പി സ്‌കൂൾ അറബി എന്നീ 6 എൽ പി / യു പി സ്കൂളുകളിലേയും, ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്‌കൂൾ ഉളിക്കൽ ,സെന്റ് തോമസ് ഹൈ സ്‌കൂൾ മണിക്കടവ് എന്നീ 2 ഹൈ സ്കൂളുകളിലേയും 178 പട്ടിക വർഗ്ഗ വിദ്യാത്ഥികളെ സ്കൂളിൽ എത്തിക്കുവാൻ വാഹന വാടക നല്കുന്നതിനായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.ഗോത്ര സാരഥി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13 പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ വിദ്യാർത്ഥികളെയും ഓരോ വർഷവും ഒറ്റത്തവണ പ്രീമിയം അടവ് നടത്തി അപകട ഇൻഷുറൻസ് ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്കൂളുകൾ ഈ നിബന്ധന പാലിച്ചതായി ഫയലിൽ വിവരം ലഭ്യമല്ല. ആയതിനാൽ കുട്ടികളുടെ ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.ഗോത്ര സാരഥി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 14പ്രകാരം കേന്ദ്ര സർക്കാർ , സംസ്ഥാന സർക്കാർ , അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജീവനക്കാരായ പട്ടിക വർഗ്ഗക്കാരുടെ മക്കൾ ഈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച അധിക വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്കൂളുകളിൽ നിന്നും മേൽ വിവരം ശേഖരിക്കേണ്ടതും, ഡാറ്റാബേസ് / രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തി ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/01-03-2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-26 സ്കൂളുകൾക്കും തുടർ വിദ്യാ കേന്ദ്രങ്ങൾക്കും പത്രവിതരണം പദ്ധതി - ₹16350-യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾക്കും തുടർ വിദ്യാ കേന്ദ്രങ്ങൾക്കും പത്രവിതരണം |
| പ്രോജക്ടിന്റെ നം | 120/2022 |
| അടങ്കൽ | 50000 രൂപ തനത് ഫണ്ട് |
| ചെലവ് | 16350 /- രൂപ തനത് ഫണ്ട് |
| ചെക്ക് നമ്പർ /തീയതി/തുക | 838412/10-01-2022₹ 6060<br>838441/13-01-2022 ₹10290 |

ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന 7 എൽ പി സ്കൂളുകൾക്കും 7 യു പി സ്കൂളുകൾക്കും മലയാള മനോരമ ദിനപത്രം "വായനാമൃതം" പദ്ധതി പ്രകാരവും, മാതൃഭൂമി ദിനപത്രം "മധുരം മലയാളം" പദ്ധതി പ്രകാരവും വിതരണം ചെയ്യുന്നതാണ് മേൽ പദ്ധതി. ഇതിനായി തനതു ഫണ്ടിൽ നിന്നും ₹16350 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്കീം പ്രകാരം 3 മാസ കാലയളവിൽ (2022 ജനവരി ഫെബ്രുവരി മാർച്ച്) ദിനപത്രം മുടക്കം കൂടാതെ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കി സ്‌കൂൾ അധികാരികളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. സ്കീം പ്രകാരം മലയാള മനോരമ ദിനപത്രം മേൽക്കാലയളവിൽ സ്കൂളുകൾക്ക് വിതരണം ചെയ്തതായി മലയാള

മനോര സർക്കുലേഷൻ മാനേജർ അറിയിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ 10290 രൂപ മലയാള മനോരമ ദിന പത്രത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ സ്കൂളുകൾക്ക് മാതൃഭൂമി ദിനപത്രം വിതരണം ചെയ്തതായി വ്യക്തമാക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല . മാതൃഭൂമിയുടെ 22-01-2022 തീയതിയിലെ 368 നമ്പർ PRE RECEIPT പ്രകാരം 6060 രൂപ മുൻകൂർ തുക മാതൃഭൂമി ദിന പത്രത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പത്രം വിതരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. സർക്കാർ അനുമതിയില്ലാതെ ഇത്തരത്തിൽ മുൻകൂർ തുക നൽകിയത് ക്രമപ്രകാരമല്ല ഇത് സംബന്ധിച്ച് അധിക വിവരണങ്ങൾ ഉണ്ടെങ്കിൽ ആയതു ലഭ്യമാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20 /01-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെയും ആവശ്യമായ രേഖകളുടെയും അഭാവത്തിൽ ചെലവ് തുക 16350 /- രൂപ ഓഡിറ്റ് തടസത്തിൽ വയ്ക്കുന്ന ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാടകക്ക് വാഹനം - 34500 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു .

തനത് ഫണ്ട് വൗച്ചർ നമ്പർ 22100863/15-12-2021 പ്രകാരം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഔദ്യോഗിക ആവശ്യാർഥം യാത്ര ചെയ്യുന്നതിന് വാഹനം വാടകക്ക് എടുത്ത വകയിൽ രജിസ്ട്രേഷൻ നമ്പർ കെ.എൽ. 58G7301 വാഹനത്തിന്റെ ഡ്രൈവർ ആയ ശ്രീ അരുൺ ജോർജ് എന്നവർക്ക് 34500 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 326/22 പ്രകാരം തനത് ഫണ്ടിൽനിന്ന് 109500 രൂപ ചെലവഴിച്ചതിന്റെ പുറമേയുള്ള ചെലവാണ് ഇത്. എന്നാൽ മേൽ ചെലവ് സംബന്ധിച്ച അനുബന്ധ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 34500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാഹനം ഓടിയതിന്റെ അസ്സൽ ട്രിപ്പ് ഷീറ്റ് അല്ലെങ്കിൽ ലോഗ് ബുക്ക് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-28 ഉളിക്കൽ മണിപ്പാറ തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ പദ്ധതി -ചെലവ് തുക ₹62560 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | ഉളിക്കൽ മണിപ്പാറ തുടർ സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ |
| പ്രോജക്ടിന്റെ നം | 19/2022 |
| അടങ്കൽ | 100000 രൂപ വികസന ഫണ്ട് ജനറൽ |
| ചെലവ് | 62560/- രൂപ വികസന ഫണ്ട് ജനറൽ |
| | BRN 21220652014501065093/05-02-2022 |

കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് നം TVM/ITGB/P1/RC/33197/20-21 Dated 31-12-2021 ന്റെ അടിസ്ഥാനത്തിൽ 2 Desktop കമ്പ്യൂട്ടർ വിലയായി ( Intel Core I3 Windows 10 Home ) 62560 രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നുള്ള യഥാർത്ഥ GSTടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമല്ല. കൂടാതെ കമ്പ്യൂട്ടർ വിതരണം ചെയ്തതായോ, ആയവ സ്റ്റോക്കിൽ എടുത്തിട്ടുള്ളതോ ആയ വിവരം ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21 /01-03-2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹62560-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സഹിതം മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-29 അഗതിരഹിത കേരളം പദ്ധതി - അവലോകനം

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആശ്രയ പദ്ധതി നടപ്പിലാക്കിയത്. ആശ്രയ പദ്ധതി രണ്ട് ഘട്ടം പിന്നിട്ടപ്പോൾ, നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കി തുടങ്ങിയത്. 2021-22 വരെയാണ് പദ്ധതി കാലയളവ്. പദ്ധതി നിർവ്വഹണത്തിന്റെ രണ്ട് വർഷങ്ങൾ പിന്നിടുമ്പോൾ, ആകെ 1570687 രൂപയാണ്

ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പൊതു വിഭാഗം | | പട്ടിക വർഗ്ഗ വിഭാഗം | |
|---|---|---|---|
| ആശ്രയ മുൻ ബാക്കി | 368703 | ആശ്രയ മുൻ ബാക്കി | 00 |
| ഒന്നാം ഘട്ടം ലഭിച്ച തുക | 829446 | ഒന്നാം ഘട്ടം ലഭിച്ച തുക | 368009 |
| രണ്ടാം ഘട്ടം ലഭിച്ച തുക | - | രണ്ടാം ഘട്ടം ലഭിച്ച തുക | 368009 |
| ആകെ | 1198149 | ആകെ | 736018 |
| ചെലവഴിച്ച തുക | 940687 | ചെലവഴിച്ച തുക | 630000 |
| ബാലൻസ് | 257462 | ബാലൻസ് | 106018 |
| % | 79 | % | 85 |

അർഹരായ എല്ലാ അഗതി കുടുംബങ്ങൾക്കും പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - 50000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവണ്മെന്റ് എൽ പി സ്കൂൾ പെരുമ്പള്ളി |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി. |
| പ്രോജക്ടിന്റെ നം | 40/2022 |
| അടങ്കൽ | 300000 വികസന ഫണ്ട് -ടി.എസ്.പി |
| ചെലവ് | 300000 വികസന ഫണ്ട് -ടി.എസ്.പി |
| ബിൽ നമ്പർ / തീയതി | 6/21-22//16-03-2022 ₹300000 |

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി വഴി പഞ്ചായത്ത് അർഹരാണെന്നു കണ്ടെത്തിയിട്ടുള്ള 25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്കിൽ ധനസഹായം നൽകിയിട്ടില്ല.

2. താഴെ പറയുന്ന ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ല

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ തുക | അപാകം |
|---|---|---|---|
| 1 | നന്ദന ബാബു | 10000 | യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ല |
| 2 | ശ്വേതാ ശശി എടക്കുവൻ | 10000 | യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ല |
| 3 | ജിഷ്ണു ചപ്പിലി | 10000 | BA ഹിസ്റ്ററി വിദ്യാർത്ഥി ആണെന്ന് EDUCARE അക്കാദമി ഇരിട്ടി എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ടി വിദ്യാർത്ഥി ഏതു സർവകലാശാലയുടെ സർക്കാർ അംഗീകാരമുള്ള കോഴ്സ് ആണ് പഠിക്കുന്നത് എന്ന് വ്യക്തമല്ല |
| 4 | ആതിര പി ആർ | 10000 | യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ല |
| 5 | മിഥുന പി കെ | 10000 | BA ഹിസ്റ്ററി വിദ്യാർത്ഥി ആണെന്ന് പ്രഗതി വിദ്യാനികേതൻ ഇരിട്ടി എന്ന സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ടി വിദ്യാർത്ഥി ഏതു സർവകലാശാലയുടെ സർക്കാർ അംഗീകാരമുള്ള കോഴ്സ് ആണ് പഠിക്കുന്നത് എന്ന് വ്യക്തമല്ല |

3. മേൽപ്പറഞ്ഞ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖാന്തിരം മേൽക്കാലയളവിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22 /01-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെയും ആവശ്യമായ രേഖകളുടേയും അഭാവത്തിൽ 5 ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായം തുക 50000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 എസ് എസ് എ വിഹിതം നൽകൽ - അപാകങ്ങൾ

ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 2021 - 22 വർഷം താഴെ പറയുന്ന വിധം 3 എസ് എസ് എ വിഹിതം നൽകൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഉളിക്കൽ ഗ്രാമ പഞ്ചായത്ത് , | സെക്രട്ടറി ഉളിക്കൽ ഗ്രാമ പഞ്ചായത്ത് , | സെക്രട്ടറി ഉളിക്കൽ ഗ്രാമ പഞ്ചായത്ത് , |
|---|---|---|---|
| | 1 | 2 | 3 |
| പ്രോജക്ട് നമ്പർ, പേര് | 4/22, എസ്.എസ്.എ. വിഹിതം നൽകൽ ജനറൽ | 5/22, എസ്.എസ്.എ. വിഹിതം നൽകൽ എസ് സി പി | 6/22, എസ്.എസ്.എ. വിഹിതം നൽകൽ ടി എസ് പി |
| അടങ്കൽ | ₹1000000 (വികസന ഫണ്ട്, ജനറൽ) | ₹50000 (വികസന ഫണ്ട്, എസ് സി പി) | ₹126000 (വികസന ഫണ്ട്, ടി എസ് പി) |
| ചെലവ് | ₹1000000 (വികസന ഫണ്ട്, ജനറൽ) | ₹50000 (വികസന ഫണ്ട്, എസ് സി പി) | ₹126000 (വികസന ഫണ്ട്, ടി എസ് പി) |
| ബിൽ നമ്പർ, തീയതി | 2122652007300136888 തീയതി 22-06-2021 (₹100000) | 22122652007300136892 തീയതി 22-06-2021 (₹50000) | 2122652007300136888 തീയതി 22-06-2021 (₹126000) |

സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ ഇരിക്കൂർ ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്ററുടെ 16-06-2021 ലെ എഫ്/10/2021-22 നമ്പർ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് (1139101070109) ₹1176000 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22 ലെ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരം ഡിമാന്റ് ചെയ്ത ഡിമാൻഡ് ചെയ്ത തുക എത്രയെന്ന വ്യക്തമല്ല. ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരമല്ലാതെ തുക ആവശ്യപ്പെട്ടത് ക്രമപ്രകാരമല്ല

2. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. 2021-22 വർഷത്തെ പദ്ധതിയുടെ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തേക്ക് എസ്. എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. എസ്.എസ്.കെ ഇരിക്കൂർ ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്ററുടെ 16-06-2021 ലെ എഫ്/10/2021-22 നമ്പർ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ആകെ ആവശ്യപ്പെട്ട 2486315 രൂപയിൽ 1176000 രൂപ മേൽപ്പറഞ്ഞ 3 പദ്ധതികളിലായി എസ് എസ് കെ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 2486315 രൂപ തൻ വർഷത്തെ ഡിമാൻഡ് ആണോ അതോ കുടിശിക സഹിതം ഉള്ള തുക ആണോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വർഷാവർഷം പദ്ധതിക്ക് തുക കൈമാറുന്നുണ്ടെങ്കിലും ഇതുവരെ ആകെ കൈമാറിയ തുകയുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം ലഭ്യമല്ല. പഞ്ചായത്ത് പലപ്പോഴും എസ് എസ് കെ വർഷാവർഷം ഡിമാൻഡ് ചെയ്യുന്ന തുക മുഴുവനായും നൽകാറില്ല. ആയതു കൊണ്ട് തന്നെ വർഷം തിരിച്ച് ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എസ് എസ് കെ ഇപ്പോൾ വരെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പ് വരുത്തുവാൻ ആവശ്യമായ കണക്കുകളും കാലികമായി വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6. തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 കുടുംബശ്രീ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് ധനഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ₹500000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് ധനഹായം |
| പ്രോജക്ടിന്റെ നം | 65/22 |
| അടങ്കൽ | ₹500000 വികസന ഫണ്ട് |
| ചെലവ് | ₹500000 വികസന ഫണ്ട് |
| ബിൽ നമ്പർ / തീയതി | BRN 2122065200740148l305/26-03-2022 ₹500000 |

മേൽ പദ്ധതി പ്രകാരം 2021 -22 വർഷം തുണിസഞ്ചി യൂണിറ്റുകൾ തുടങ്ങാൻ തയ്യാറായ 5 വനിതാ കുടുംബശ്രീ ഗ്രൂപ്പുകാർക്ക് 50000 രൂപ വീതവും 2020-21 ൽ തുടങ്ങിയ 10 വനിതാ കുടുംബശ്രീ ഗ്രൂപ്പുകാർക്ക് 25000 രൂപ വീതവും നിശ്ചയിച്ച് ധന സഹായം വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ)2021-22 പുതുതായി തുടങ്ങുന്ന തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | ബാങ്ക് ബ്രാഞ്ച് | നൽകിയ തുക |
|---|---|---|---|---|
| 1 | അനശ്വര ടൈലറിംഗ്& ഗാർമെന്റ് കേലാങ്കി | 40430101029792 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ | 50000 |
| 2 | അപ്പൂസ് ടൈലറിംഗ് കതുവാപ്പറമ്പ് | 40525101036109 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ വട്ട്യാംതോട് | 50000 |
| 3 | അനാമിക മുണ്ടാനൂർ | 40032894537 | എസ്ബി ഐ ഉളിക്കൽ | 50000 |
| 4 | ചക്കര ടൈലറിംഗ് മണിക്കടവ് | 40430101027341 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ വട്ട്യാംതോട് | 50000 |

| | | | | |
|---|---|---|---|---|
| 5 | ജീവ പെരുമ്പള്ളി | 701110000666 | ഐ സി ഐ സി ഐ ബാങ്ക് ഇരിട്ടി | 50000 |
| | | | ആകെ | 250000 |

ചെറുകിട വ്യവസായം ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥകൾ അർഹതാ മാനദണ്ഡങ്ങൾ (സ.ഉ (എം.എസ് ) നമ്പർ 22/2018 /ത.സ്വ.ഭ.വ തീയ്യതി 14.02.2018) ഖണ്ഡിക 6.4 ചുവടെ പറയുന്ന പ്രകാരമാണ്.

1 കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷവും പട്ടികജാതി വിഭാഗം 3 ലക്ഷം രൂപയുമാണ് പട്ടികവർഗ്ഗത്തിന് വരുമാന പരിധി ബാധകമല്ല.

2. മൂന്ന് വർഷമായി തദ്ദേശഭരണ സ്ഥാപനതലത്തിലെ സ്ഥിര താമസക്കാരായിരിക്കണം.

3. 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിൽ രഹിതരായിരിക്കണം

4. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത്.

5. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യവികസന പരിശീലനം ലഭിച്ചിട്ടുള്ളവർക്ക മുൻഗണന വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം.

6. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി നൽകണം. ബാങ്ക് വായ്പയ്ക്ക് പകരം പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പയാണെങ്കിലും ധനസഹായം നൽകാം.

7. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സ്വയം സംരംഭകമിഷൻ, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, സി.ഡി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള വരെയും പരിഗണിക്കേണ്ടതാണ്.

8.പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വായ്പാബന്ധിതമല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്കും സബ്സിഡി നൽകാം. വായ്പയ്ക്ക് പകരം മറ്റ് ഏജൻസികളുടെ ധനസഹായവുമാകാം

9.പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്

10 18 നും 60 നും ഇടയിലുള്ള തൊഴിൽ രഹിതരുടെ ഗ്രൂപ്പ് ആയിരിക്കണം. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത്.

11.ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.

പദ്ധതി നിർവ്വഹണത്തിൽ മേൽ ഉത്തരവ് ഖണ്ഡിക 6.4 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുവോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ, സബ്സിഡിക്കുള്ള ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിന് അംഗങ്ങളുടെ വാർഷിക വരുമാനം, അംഗങ്ങൾ തൊഴിൽ രഹിതരാണെന്ന് തെളിയിക്കുന്ന രേഖകൾ, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം, ആസ്തി മൂല്യം, പദ്ധതിക്കായി വാങ്ങിയ മെഷിനറികൾ, യന്ത്രങ്ങൾ എന്നിവയുടെ വിവരം, ഇവ വാങ്ങിയതിന്റെ ബില്ലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. യൂണിറ്റ് നിഷ്ക്രിയമാകുന്ന പക്ഷം ആസ്തികൾ തദ്ദേശ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ജെ.എൽ.ജിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. സ്ഥാപനം നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തതായി കാണുന്നില്ല.

14-02-2018 ലെ സ.ഉ. (എം.എസ്.)നം.22/18 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.4-ൽ ആസ്തിയുടെ വിലയെ അടിസ്ഥാന വായ്പയായി കണക്കാക്കി അതു സംബന്ധിച്ച കണക്കുകൾ പ്രോജക്ടിൽ പ്രത്യേകം കാണിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി കണക്കാക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. കുടുംബശ്രീ സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിലെ ഫിനാൻഷ്യൽ അനാലിസിസ് പ്രകാരം ആകെ പ്രോജക്ട് കോസ്റ്റ് (50000 രൂപ പഞ്ചായത്ത് സബ്സിഡി ഉൾപ്പെടെ) 2 ലക്ഷം രൂപയാണ് .ആസ്തി ആയി വാങ്ങിക്കുവാൻ ഉദ്ദേശിച്ച സാമഗ്രികളുടെ കോസ്റ്റ് 40000 രൂപയാണ് .ബാക്കി പ്രവർത്തന മൂലധനം 160000 രൂപ താഴെ പറയുന്ന ഇനങ്ങൾക്കാണ് .

| | |
|---|---|
| സഞ്ചി തയ്ക്കാൻ ഉള്ള തുണി | 115000 |
| സൂചി, കത്രിക | 5000 |
| ട്രാൻസ്പോർട്ടേഷൻ | 2000 |
| വൈദ്യുതി | 1000 |
| വേതനം | 35000 |
| മറ്റുള്ളവ | 2000 |

| | |
|---|---|
| ആകെ | ₹160000 |

ആസ്തി സാമഗ്രികൾ വാങ്ങിച്ചതിന്റെയോ പ്രവർത്തന മൂലധനം ഇനത്തിലെ കാര്യങ്ങൾക്ക് വേണ്ടി മേൽ സൂചിപ്പിച്ച ചെലവുകളുടെ ബില്ലുകൾ വൗച്ചറുകൾ തുടങ്ങിയവ ഒന്നും ഫയലിൽ ലഭ്യമല്ല.

ബി.)2020-21 ൽ തുടങ്ങിയ യൂണിറ്റുകൾ.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | ബാങ്ക് ബ്രാഞ്ച് | നൽകിയ തുക |
|---|---|---|---|---|
| 1 | വിസ്മയ വട്ട്യാംതോട് | 40430101027280 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ വട്ട്യാംതോട് | 25000 |
| 2 | മിത്ര ഏഴൂർ | 39967307923 | എസ്ബി ഐ ഉളിക്കൽ | 25000 |
| 3 | നക്ഷത്ര തേർമല | 40018219516 | എസ്ബി ഐ ഉളിക്കൽ | 25000 |
| 4 | ഐശ്വര്യ മാട്ടറ | 40430101027305 | കേരളാ ഗ്രാമീൺ ബാങ്ക് വട്ട്യാംതോട് | 25000 |
| 5 | ലിംറ തൊട്ടിപ്പാലം | 40443101037913 | കേരളാ ഗ്രാമീൺ ബാങ്ക് പേരട്ട | 25000 |
| 6 | ഗ്രീൻ ക്യാരി ബാഗ് ഉളിക്കൽ വെസ്റ്റ് | 40018970914 | എസ്ബി ഐ ഉളിക്കൽ | 25000 |
| 7 | സൗഭാഗ്യ വയത്തൂർ | 40020374622 | എസ്ബി ഐ ഉളിക്കൽ | 25000 |
| 8 | ഐശ്വര്യ നെല്ലിക്കാംപൊയിൽ | 40525101035623 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ | 25000 |
| 9 | ത്രിവേണി നുച്ചിയാട് | 40525101036020 | കേരളാ ഗ്രാമീൺ ബാങ്ക് ഉളിക്കൽ | 25000 |
| 10 | തണൽ ഉളിക്കൽ ഈസ്റ്റ് | 40018002397 | എസ്ബി ഐ ഉളിക്കൽ | 25000 |

1. സ.ഉ (എം.എസ്) നമ്പർ 22/2018 /ത.സ്വ.ഭ.വ തീയ്യതി 14.02.2018 പ്രകാരമുള്ള സബ്സിഡി നിർദ്ദേശങ്ങളിൽപ്പെടാത്ത ഇനത്തിന് പ്ളാൻ ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്ലാൻഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ മുൻകൂർ സർക്കാർ അനുമതി ആവശ്യമാണ് (സബ്സിഡി മാർഗ്ഗരേഖ - സ.ഉ (എം.എസ് ) നമ്പർ 22/2018 /ത.സ്വ.ഭ.വ തീയ്യതി 14.02.201 ഖണ്ഡിക 2.2 കാണുക). മുൻകൂർ സർക്കാർ അനുമതി ഇല്ലാത്ത സാഹചര്യത്തിൽ മറ്റ് സ്രോതസ്സുകളിൽ

നിന്നോ, വിഭവസമാഹരണം കണ്ടെത്തിയോ, സ്പോൺസർഷിപ്പിലൂടെയോ നടപ്പാക്കാൻ ശ്രമിക്കാതെ പ്ളാൻ ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. .

2. പാസ്റ്റിക്ക് വിമുക്തമാക്കുവാൻ വേണ്ടി പഞ്ചായത്ത് സ്വീകരിച്ച മറ്റു നടപടികൾ, അവയുടെ ഫലപ്രാപ്തി , പ്ലാസ്റ്റിക്ക് വിമുക്ത പ്രഖ്യാപനം എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23 /01-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീട്ടുകൾക്കും (ആകെ 11025 ) 2 വീതം ആകെ 22050 തുണി സഞ്ചികൾ പഞ്ചായത്തിലെ ഹരിത കർമ്മ സേന വഴി വിതരണം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് വിമുക്തമാക്കുവാൻ വേണ്ടി കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തുണി സഞ്ചി വാങ്ങി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സൗജന്യമായി വിതരണം ചെയ്യുവാൻ വികസന ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. കൂടാതെ എത്ര തുണി സഞ്ചി വാങ്ങിച്ചു എന്നോ എത്ര വീടുകളിൽ അവ വിതരണം ചെയ്തു എന്നോ തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. തുണി സഞ്ചി വിൽപ്പന നടത്തിയതിന്റെ ഒറിജിനൽ ബിൽ, അവ സ്റ്റോക്കിൽ എടുത്ത വിവരം, വിതരണ സ്റ്റേറ്റ്മെൻറ് എന്നിവയും ഫയലിൽ ലഭ്യമല്ല. ഉളിക്കൽ ഗ്രാമ പഞ്ചായത്ത് പ്ലാസ്റ്റിക്ക് വിമുക്തമാക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ തുണിസഞ്ചി യൂണിറ്റുകൾ സ്വയം തൊഴിൽ / ചെറുകിട സംരംഭം ആയി കണക്കാക്കി അവർ തുടങ്ങിയ തയ്യൽ ഗ്രൂപ്പുകൾക്ക് അവർ ഉൽപാദിപ്പിച്ച സഞ്ചികളുടെ വില തുടർന്ന് പ്രവർത്തിക്കുന്നതിന് പ്രവർത്തന മൂലധനമായി നൽകുന്നതിനാണ് 250000 രൂപ ചെലഴിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം. മുകളിൽ പറഞ്ഞ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല , കാരണം, സ.ഉ (എം.എസ് ) നമ്പർ 22/2018 /ത.സ്വ.ഭ.വ തീയ്യതി 14.02.2018) ഉത്തരവിലെ ചെറുകിട വ്യവസായം ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥകൾ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ പ്രവർത്തിച്ചു വരുന്ന സ്വയം തൊഴിൽ സംരംഭത്തിന് "പ്രവർത്തന മൂലധനം" ഇനത്തിൽ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല, മാത്രമല്ല പ്രവർത്തന മൂലധനം കണക്കാക്കുന്നതിനു സ്ഥാപനത്തിന്റെ ആസ്തി, ബാധ്യത, ബാലൻസ്ഷീറ്റ് ഇവയൊന്നും പരിഗണിച്ചതായും ഉള്ള വിവരം ഫയലിൽ ലഭ്യമല്ല . റിവോൾവിങ് ഫണ്ട് ആയി തുക നൽകാമെങ്കിലും ആയതിനുള്ള മാനദണ്ഡങ്ങൾ ഒന്നും ഇവിടെ പാലിച്ചിട്ടില്ല. മേൽപറഞ്ഞ യൂണിറ്റുകൾക്ക് ഇതിനുമുൻപ് ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമല്ല. കൂടുതൽ വിശദീകരണത്തിന്റെ/ രേഖകളുടെ അഭാവത്തിൽ ആകെ തുക 5 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പുതുതായി സ്ഥാപിച്ച ജനകീയ ഹോട്ടലുകൾക്ക് ധനസഹായം നൽകൽ - 100000 /- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതുതായി സ്ഥാപിച്ച ജനകീയ ഹോട്ടലുകൾക്ക് ധനസഹായം നൽകൽ |
| പ്രോജക്ടിന്റെ നം | 302/22 |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹100000 തനത് ഫണ്ട് |
| ചെക്ക് നമ്പർ /തീയതി | 4195858/18-02-2022 |

പുതുതായി സ്ഥാപിച്ച 2 ജനകീയ ഹോട്ടലുകൾക്ക് ധനസഹായം നൽകൽ പദ്ധതിയുടെ ഭാഗമായി തനതു ഫണ്ടിൽ നിന്നും തുക 100000 രൂപ പിൻവലിച്ചു താഴെ വിവരിക്കുന്ന പ്രകാരം 2 കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്.

| യൂണിറ്റിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | നൽകിയ തുക |
|---|---|---|
| കുടുംബശ്രീ ജനകീയ ഹോട്ടൽ മണിക്കടവ് | 40430101027369 | 50000 |
| കുടുംബശ്രീ ജനകീയ ഹോട്ടൽ മാട്ടറ | 40430101027314 | 50000 |

പുതുതായി സ്ഥാപിച്ച 2 ജനകീയ ഹോട്ടലുകൾക്ക് കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ധനസഹായം എന്ന നിലക്ക് ആണ് തുക കൈമാറിയിട്ടുള്ളത്. ഫർണിച്ചർ വാങ്ങൽ, പാത്രങ്ങൾ വാങ്ങൽ, വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിട വാടക, പെയിന്റിംഗ്, അടിയന്തിര റിപ്പയർ, മെയ്റ്റനൻസ് എന്നീ ഇനങ്ങളിൽ ചെലവായ തുക നൽകുകയാണ് ലക്ഷ്യം. 2 യൂണിറ്റുകൾക്ക് ബാങ്ക് അക്കൗണ്ടിൽ തുക നൽകിയെങ്കിലും ഇതിൽ കുടുംബശ്രീ ജനകീയ ഹോട്ടൽ മണിക്കടവ് എന്ന യൂണിറ്റ് മാത്രമേ അപേക്ഷ സമർപ്പിച്ചതായി കാണുന്നുള്ളൂ. എന്നാൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്

ചെലവായ തുകയുടെ ഇനം തിരിച്ചുള്ള ബില്ലുകൾ വൗച്ചറുകൾ എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല. കുടുംബശ്രീ ജനകീയ ഹോട്ടൽ മാട്ടറ എന്ന സ്ഥാപനത്തിന് തുക നൽകിയത് അല്ലാതെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20 /01-03-2023 ) വൗച്ചറുകൾ ഫയലിൽ വെച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ രേഖകൾ ഓഡിറ്റ് മുൻപാകെ ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെയും ആവശ്യമായ രേഖകളുടെയും അഭാവത്തിൽ 100000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കിയില്ല - ₹ 200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിന് 20 വാർഡ് സാനിറ്റേഷൻ സമിതികൾക്ക് വൗച്ചർ നമ്പർ 22100330 തീയതി 26 -07 -2021 ( ചെക്ക് നമ്പർ : 615959 ) പ്രകാരം ₹200000 നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 200000 രൂപയുടെ ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 സർക്കാറിന്റെ വ്യക്തമായ നിർദ്ദേശമില്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളുവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച നിരോധനം 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 22100155/01-06-2021 ₹579078)

| ക്രമ നമ്പർ | പേര് | ഉദ്യോഗപേര് | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | മാലിനി വി കെ | ജൂനിയർ സൂപ്രണ്ട് | 53900 |
| 2 | സത്യൻ പി | അക്കൗണ്ടന്റ് | 46700 |
| 3 | സോണി പീറ്റർ | സീനിയർ ക്ലർക്ക് | 46700 |
| 4 | അനിത ജെ എം | സീനിയർ ക്ലർക്ക് | 44500 |
| 5 | റാഷിദ എം പി | സീനിയർ ക്ലർക്ക് | 38300 |
| 6 | സിലീഷ് ചന്ദ്രോത്ത് | സീനിയർ ക്ലർക്ക് | 38300 |
| 7 | നിമ്യ വി കെ | സീനിയർ ക്ലർക്ക് | 36500 |
| 8 | സുമേഷ് വി | ക്ലർക്ക് | 28700 |
| 10 | ലേഖ വി വി | ക്ലർക്ക് | 33800 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1-ൽ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശത്തിന് അനുസൃതമായി അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ബിൽ തുക തയ്യാറാക്കിയതിലെ പിഴവ്.അധീക തുക 8832രൂപ അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നം/പേര് | 323/22 ശ്മശാനത്തിന് ഗേറ്റും ചുറ്റുമതിലും സ്ഥാപിക്കൽ |
| അടങ്കൽ തുക,ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹300000 |
| ബിൽ നമ്പർ, തീയതി | 20220652007501161534 |

| | |
|---|---|
| ,ചെലവ് തുക | 26-2-2022<br>₹204175<br>₹87650 (2002-03-ലെ ചെലവ്)<br>ആകെ ചെലവ് ₹291834 |
| കരാറുകാരന്റെ പേര് | ശ്രീ.എം.ഡി.സജി |
| എം ബുക്ക് നമ്പർ | 93/21-22 |
| കരാർ നമ്പർ ,തീയതി | AE/CID&RW/ULL/93/21<br>തീയതി 25-2-22 |

1.മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 252680.84രൂപയാണ്. ആയതിന്റെ പാർട്ട് ബിൽ പ്രകാരം 186973 രൂപ പ്രവൃത്തി മൂല്യമായി കണക്കാക്കി ബിൽതുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹252680.84 |
| 12% ജി.എസ്.ടി. | ₹30322 |
| ആകെ അനുവദനീയമായ തുക | ₹283002.84<br>(₹283003) |

നൽകിയത്

| | |
|---|---|
| പാർട്ട് ബിൽ തുക | ₹209410<br>(186973+12% GST) |
| ഫൈനൽ ബിൽ | ₹82424 |
| ആകെ | ₹291834 |
| വ്യത്യാസം | ₹8831 |

എന്നാൽ ഫൈനൽ ബിൽ പ്രകാരം ബാക്കി 65707.84രൂപ കണക്കാക്കി ബിൽതുക നൽകേണ്ടതിനു പകരം 73593രൂപ കണക്കാക്കി തുക നൽകിയിതിനാലാണ് അധിക തുക നൽകാനിടയായത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 73593 | 65707 | 7885 |
| റീ ടെൻഷൻ തുക<br>പാർട്ട് ബില്ലിൽ കുറവ് വരുത്തിയത്/കൂട്ടിയത് | 4674 | 4674 | - |
| ബാക്കി തുക | 78267 | 70381 | 7885 |
| ജി എസ് ടി 12% | 9392 | 8446 | 946 |
| ബിൽ തുക | 87659 | 78827 | 8831 |

ഈയിനത്തിൽ 8831രൂപ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 8/27-2-23തീയതി) മറുപടിയായി തുക ഈടാക്കി തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 8831രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-37 കുടിവെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ-അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 256/22പെരട്ട കല്ലംതോട് കോളനി തേർമല കുഭംങ്കോട്ട് കോളനി കുടിവെള്ള പദ്ധതികൾക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ |

| | |
|---|---|
| അടങ്കൽ തുക,ഫണ്ടിനം | വികസന ഫണ്ട് ടി എസ് പി ₹400000 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 2122065200750178086 7-6-2021 ₹162833<br>21220652007501409141 22-3-22 ₹236223<br>ആകെ തുക ₹399056 |
| കരാറുകാരന്റെ പേര് | ശ്രീ.കെ.എസ്.ജോസഫ് |
| എം ബുക്ക് നമ്പർ | 67/21-22 |
| കരാർ നമ്പർ,തീയതി | AE/CID&RW/ULL/67/22 തീയതി 19-2-21 |

മേൽ പദ്ധതിയുടെ ഫയലുകളും രേഖകളും പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)42/21 പ്രോജക്ട് നമ്പരായി 2020-21-ൽ ആരംഭിച്ച പദ്ധതിയാണിത് ആയത് പ്രകാരം, ശ്രീ.കെ.എസ്.ജോസഫ് എന്ന കരാറുകാരന്റെ 256301 രൂപയുടെ ടെണ്ടർ അംഗീകരിച്ച്, 19-2-21 ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം എം ബുക്ക് നമ്പർ 67/21-22 പ്രകാരം, പി എ സി തുകയിലും അധികരിച്ച് 356300 രൂപ പ്രവൃത്തിമൂല്യം കണക്കാക്കിയാണ് ബിൽതുക നൽകിയതായി കാണുന്നത്.പ്രവൃത്തിമൂല്യം പി എ സി തുകയായ 256301 രൂപയിൽ ലിമിറ്റ് ചെയ്യാതെ ബിൽതുക കണക്കാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7 തീയതി 27-2-23) മറുപടിയായി 4 ലക്ഷം രൂപയാക്കി എസ്റ്റിമേറ്റ് (RE) മാറ്റി തയ്യാറാക്കിയതായി അറിയിച്ചിട്ടുണ്ട്.എന്നാൽ അംഗീകരിച്ച റിവൈസ്ഡ് എസ്ററിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

ചെയ്ത പ്രവൃത്തികൾക്ക് അനുസൃതമായി ബിൽ തയ്യാറാക്കി അസി.എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അംഗീകാരം ലഭ്യമാക്കുകയാണ് ചെയ്തിരിക്കുന്നത്.256301 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 356300 രൂപ യുടെ പ്രവൃത്തി ചെയ്ത് ബിൽ തുക നൽകിയത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഭേദഗതി വരുത്തുവാനുള്ള കാരണം അറിയിച്ചിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും എഗ്രിമെന്റ് പി എസി യിൽ കരാർ ചമയ്ക്കുകയും ചെയ്ത ഒരു പ്രവൃത്തിയുടെ അടങ്കൽ തുക ഉൾപ്പെടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതും എഗ്രീഡ് പി എസി യിൽ അധികരിച്ച് ബിൽ തുക അനുവദിക്കുന്നതും ക്രമവിരുദ്ധമാണ്.

2)4 മാസത്തിനകം പൂർത്തീകരിക്കുവാനായി 19-2-21 ന് കരാറിലേർപ്പെർട്ടിരുന്ന പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 2022 ഫെബ്രുവരി വരെ ഒരു വർഷം പിഴ കൂടാതെ ദീർഘിപ്പിക്കുവാൻ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. പട്ടികവർഗകോളനിയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തേണ്ടുന്ന പ്രവൃത്തികൾ ഉടനടി പൂർത്തിയാക്കേണ്ടുന്നതിനു പകരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതും ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-38 ഒഴിഞ്ഞ ടാർ ബാരലിന്റെ വില - സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയ തുകകൾ അതത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

2021-22 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെട്ട റോഡ് ടാറിംഗ്- റീടാറിംഗ് പ്രവൃത്തികളിലെ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (799013000000376) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സർക്കുലർ നം.59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില ഇനത്തിൽ ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയ തുകകൾ അതത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 4 തീയതി27-2-23) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22ലെ വാർഷികകണക്കിൽ (RP-4) ഈയിനത്തിൽ 97580/- രൂപ വരവുണ്ട്. നാളിതുവരെയും ഈയിനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ മാറ്റിവയ്ക്കപ്പെട്ട കൃത്യമായ തുക കണ്ടെത്തി അതത് സഞ്ചിതനിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-39 ടാർ ബാരൽ വിലയായ 952 രൂപ സഞ്ചിത നിധിയിലേക്കും ജി എസ് ടി ഇനത്തിൽ 171രൂപ ജി എസ് ടി വകുപ്പിലും ഒടുക്ക് വരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| പ്രോജക്ട് നം/പേര് | 68/22പാലുമുക്ക് പൂളക്കടവ് റോഡ് പുനരുദ്ധാരണം |
| അടങ്കൽ തുക,ഫണ്ടിനം | ₹50000തനതു ഫണ്ട്<br>₹150000മെയിന്റയിനൻസ് ഫണ്ട് (റോഡ്)<br>ആകെ തുക ₹ 200000 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 21220652007501132379<br>15-2-2022<br>₹150000<br>240/15-2-22 ₹49997 |
| കരാറുകാരന്റെ പേര് | ശ്രീ.സന്തോഷ് ജോർജ് |
| എം ബുക്ക് നമ്പർ | 40/21-22 |
| കരാർ നമ്പർ ,തീയതി | AE/CID&RW/ULL/40/22<br>തീയതി 22-9-21 |

എം ബുക്ക് നമ്പർ 40/21-22 പേജ് 17-ലെ 4 ബാരൽ ടാർ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടാർ ബാരൽ തുക 952 രൂപ, ആയതിന്റെ 18% ജി എസ് ടി തുക 171 രൂപ എന്നിവ ബിൽ തുകയിൽ നിന്നും ഈടാക്കിയിട്ടില്ല. ടാർ ബാരൽ വിലയായി 952 രൂപയും ജി എസ് ടി ഇനത്തിൽ 171 രൂപയും തിരികെ ഈടാക്കി അതത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/27-2-23 ന് മറുപടിയായി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടാർ ബാരൽ വിലയായ 952 രൂപ സഞ്ചിതനിധിയിലേക്കും ജി എസ് ടി ഇനത്തിലെ 171രൂപ ജി എസ് ടി വകുപ്പിലും ഒടുക്ക് വരുത്തിയിട്ടില്ല. ആയത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-40 അസിസ്ററന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത പ്രൊജക്റ്റുകളിൽ കണ്ടെത്തിയ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ) ടി.ആർ-7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ടി.ആർ-7 എ ഫോമിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് 12-04-2006 ലെ ജി.ഒ(പി) നം-177/2006/ഫിൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ടി.ആർ-7 എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

ബി) കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല.

നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രോജക്ട് ഫയലുകളിലൊന്നിലും തന്നെ പ്രോജക്ടുകൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലെ ( സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018) ഖണ്ഡിക13ൽ മോണിട്ടറിംഗ് നടത്തേണ്ടതിനെ കുറിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ കൃത്യമായ മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ സമഗ്രമായി മോണിറ്ററിംഗ് ചെയ്യേണ്ടതും കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

സി) കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല

കരാറുകാരുമായി ഒപ്പുവെക്കുന്ന കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തികൾ സമയ പരിധിക്കകം പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും, പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയാലുള്ള പിഴ ഈടാക്കാനും സാധിക്കാതെ വരും. ആയതിനാൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തേണ്ടതാണ്.

ഡി) എസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല

പൊതുമരാമത്ത് പ്രോജക്ട് ഫയലുകളിലൊന്നിലും അംഗീകരിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. നടത്താനുദ്ദേശിക്കുന്ന

പ്രവൃത്തിയുടെ വിവരങ്ങൾ, പ്രവൃത്തിയുടെ ആവശ്യകതയും ഫീസിബിലിറ്റിയും, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഇ) റോഡ് പ്രവൃത്തികൾ സംബന്ധിച്ച ചെയിനേജ് വിവരം , സ്കെച്ച് എന്നിവ ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

എഫ്) 2021-22 വർഷത്തിലോ അതിനു മുൻപോ പ്രവൃത്തികളുടെ ഗുണമേന്മ സംബന്ധിച്ച് ക്വാളിറ്റി ടെസ്ററ് നടത്തിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികളും മാർഗരേഖ പ്രകാരമുള്ള നിർദേശങ്ങളും പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതും അധികം നൽകിയ ₹200000 തിരികെ ഈടാക്കേണ്ടതുമാണ്.

ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

I. ₹2,00,000 അധികം അനുവദിച്ചത് : ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ വി ഇ ഒ വയത്തൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ ₹11,54,40,864 യും 2021-22 വർഷം ആകെ ₹13732960 യും ചെലവഴിച്ചിട്ടുണ്ട്. സ.ഉ (കൈ)നം 34/2018/തസ്വഭവ തീയതി 16-3-2018 പ്രകാരം പുറപ്പെടുവിച്ച ലൈഫ് മാർഗരേഖ രണ്ടാം ഘട്ടം പ്രകാരം ജനറൽ, പട്ടിക ജാതി എന്നീ വിഭാഗത്തിൽപെടുന്ന ലൈഫ് ഗുണഭോക്താക്കൾക്ക് ₹4,00,000 യും പട്ടിക വർഗ്ഗ സങ്കേതത്തിലെ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി തുക ₹6,00,000 യുമാണ്. മേൽ പ്രോജക്റ്റുകൾ നടപ്പിലാക്കിയപ്പോൾ 2021-22 വർഷം വരെ ലൈഫ് ഭവന പദ്ധതിയുടെ ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ മൂന്ന് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി ആകെ ₹16,50,864 (12,89,517 + 1,25,000 + 2,36,347) അനുവദനീയമായതിലും അധികം അനുവദിച്ചിട്ടുണ്ട്. ഇതിൽ ₹2,00,000/- 2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ അനുവദിച്ചതാണ് (2020-21 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20, 3-1 കാണുക). 2021-22 വർഷം അധിക തുക അനുവദിച്ചവരുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | 2020-21 വർഷം വരെ അനുവദിച്ച തുക | തൻവർഷം അനുവദിച്ച തുക, ബിൽ നമ്പർ, തീയതി | ആകെ അനുവദിച്ച തുക | തൻവർഷം അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | കുഞ്ഞിരാമൻ മരക്കോറ | KLGB 40525100006390 | ₹360000 (₹40000 വൗച്ചർ നമ്പർ 234/19-20/ 24-2-20 +₹160000 വൗച്ചർ നമ്പർ 98/20-21/ 13-1-21+₹160000 വൗച്ചർ നമ്പർ 301/20-21/ 30-3-21) | ₹160000 2122065200770030333 8, 9-8-21 | ₹520000 | 120000 |
| 2 | റെയ്ഹാനത്ത് | KLGB 40443100007439 | ₹420000 (₹40000 വൗച്ചർ നമ്പർ | ₹40000 2122065200770099414 8, 21-1-22 | ₹460000 | 40000 (20000 രൂപ മുൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | 21800558/ 26-10-18+ ₹220000 ചെക്ക് നമ്പർ 823192/7-1-19 +₹160000 ചെക്ക് നമ്പർ 823195/14-10-19) | | | വർഷ ങ്ങളിൽ അധികം നൽകി യിട്ടുണ്ട്) |
| 3 | രഞ്ജിത്ത് ചന്ദ്രൻ | UBIN 6160002010005516 | ₹400000 (₹40000 വൗച്ചർ നമ്പർ 236/20-21 /24-2-20+₹160000 വൗച്ചർ നമ്പർ 55/20-21/7-8-20+ ₹160000 വൗച്ചർ നമ്പർ 99/20-21 /13-1-21+₹40000 വൗച്ചർ നമ്പർ 302/20-21/ 30-3-21) | ₹40000 21220652007700204452, 12-7-21 | ₹440000 | 40000 |
| | | | | ആകെ | | 200000 |

തൻവർഷം അധികം അനുവദിച്ച 200000/- ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

II. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് : ലൈഫ് ഭവന പദ്ധതി ഫേസ് II, ഫേസ് III എന്നിവയിൽ ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് നല്കിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കി | ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | രാധ വരപ്രത്ത് | 28-12-2018 | 360000 | 40000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. വീട്ടുനമ്പർ ലഭിക്കാത്തതിനാൽ അവസാന ഗഡു നൽകിയില്ല. |
| 2 | വർക്കി വളവുങ്കൽ | 28-07-2018 | 378518 | 21482 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. പ്രവൃത്തി അന്തിമ ഘട്ടത്തിൽ |
| 3 | മേരി മേനാടപ്പള്ളി | 30-10-2021 | 360000 | 40000 | മൂന്നാംഗഡു 160000/- രൂപ അനുവദിച്ചത് 8-2-23 ന്. ഭവ ന നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തിയാകാറായി |
| 4 | കുഞ്ഞിരാമൻ മരക്കോറ | 26-02-2020 | 200000 | 200000 | ഭവന നിർമ്മാ ണം പൂർത്തിയാ യി. വീട്ടുനമ്പർ ലഭിച്ചിട്ടില്ല. അധികമായി അനുവദിച്ച തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

ഗുണഭോക്താക്കൾ ഇതിനോടകം വീട്ടുപണി പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/4-3-23) മേല്പട്ടികയിൽ ചേർത്ത പ്രകാരമാണ് മറപടി ലഭ്യമാക്കിയിട്ടുള്ളത്. പട്ടികയിലെ ക്രമ നമ്പർ 4, കുഞ്ഞിരാമൻ മരക്കോറ എന്ന വ്യക്തിക്ക് 2021-22 വർഷം വരെ ആകെ ₹120000 അധികം അനുവദിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ടിയാന് ₹200000 ഇനിയും നൽകാനുള്ളതായും കാണുന്നു. ഭവന നിർമ്മാണം പൂർത്തിയായെന്നും വീട്ടുനമ്പർ ലഭിച്ചിട്ടില്ല എന്നും അധികമായി അനുവദിച്ച തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ രണ്ടു വസ്തുതകളിലേയും പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി തൻവർഷം അധികം അനുവദിച്ച ₹200000 ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും പരിശോധനാ വിധേയമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതും നാളിതുവരെയായി അധികം അനുവദിച്ച മുഴുവൻ തുകയും തിരികെ ഈടാക്കി വിവരം ലഭ്യമാക്കുന്നതിലേക്കായി ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നംപർ/ തീയതി |
|---|---|---|
| 2021-22 | 02.03.2023 & 03.03.2023 | കെ.എസ്.എ./കെ.എൻ.ആർ. /സി.3/346/2023 തീയതി: 29.03.2023 |

//

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് നൽകുന്ന ഫണ്ടുകളുടെ വിനിയോഗ വിവരം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 170000 | 2021-22 | SO 221/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 170000 | ഇല്ല |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 305670 | 2021-22 | 22/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 305670 | ഇല്ല |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 320000 | 2021-22 | 127/22 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം - പട്ടികജാതി | 320000 | ഇല്ല |
| 4 | ഇരിട്ടി | 505000 | 2021-22 | 80/22 | 505000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | | | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | | |
| 5 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 1100000 | 2021-22 | 133/22 ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 1100000 | ഇല്ല |
| | ആകെ | 2400670 | | | 2400670 | |
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 359930 | 2021-22 | 22/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 359930 | ഇല്ല |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1020000 | 2021-22 | 127/22 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം - പട്ടികജാതി | 1020000 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 235149 | 2021-22 | 80/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 235149 | ഇല്ല |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1867216 | 2021-22 | SO 260/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1867216 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 495000 | 2021-22 | 261/22 സമഗ്ര നെൽകൃഷി വികസനം | 495000 | ഇല്ല |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 418000 | 2021-22 | 128/22 നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 418000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 714110 | 2021-22 | 144/22 ഫലവൃക്ഷതൈ വിതരണം | 714110 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 65600 | 2021-22 | 139/22 വീട്ടുവളപ്പിൽ മത്സ്യകൃഷി പടുതാക്കുളം | 65600 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1260000 | 2021-22 | 258/22 ലൈഫ് ഭവന പദ്ധതി ജനറൽ | 1260000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 842904 | 2021-22 | 226/22 മുണ്ടാനൂർ പട്ടികജാതി സാസ്കാരിക നിലയം പുനരുദ്ധാരണവും അനുബന്ധ പ്രവർത്തനങ്ങളും | 842904 | ഇല്ല |
| | ആകെ | 7277909 | | | 7277909 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പാ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹55769110 യിൽ തൻവർഷം ₹3529411 തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | GO. (MS) No.68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 55769110 | 48699776 | 3534667 | - | 45165109 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 1,00,00,000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 1,00,00,000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 1,00,00,000 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക ₹ |
|---|---|---|---|
| 1 | ഉളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്ക് ലിമിറ്റഡ് 002002019704/1-7-2019 | 1-7-2021 | ₹50,00,000 |
| 2 | ഉളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്ക് ലിമിറ്റഡ് 00200202021/9-6-2020 | 9-6-2021 | ₹50,00,000 |
| | ആകെ | | ₹1,00,00,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 135124296 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126086958 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 200000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1003297 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 200000 | ശ്രീ.ജലാലുദ്ദീൻ.കെ.വി,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,വയത്തൂർ |
| ആകെ തുക | ₹200000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 39797 | ഡോ.രഞ്ജിത് മാത്യു, മെഡിക്കൽ ഓഫീസർ- എഫ് എച്ച് സി |
| 1-26 | 16350 | ശ്രീമതി ജെസ്സി ജോസഫ്, ഹെഡ്മാസ്റ്റർ |
| 1-27 | 34500 | ശ്രീ,ബാബു ജോസഫ്.വി,<br>സെക്രട്ടറി |
| 1-28 | 62650 | ശ്രീമതി ജെസ്സി ജോസഫ്, ഹെഡ്മാസ്റ്റർ |
| 1-30 | 50000 | ശ്രീമതി ജെസ്സി ജോസഫ്, ഹെഡ്മാസ്റ്റർ |
| 1-32 | 500000 | ശ്രീ.ബാലകൃഷ്ണൻ.കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 100000 | ശ്രീ.ബാലകൃഷ്ണൻ.കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 200000 | ശ്രീ,ബാബു ജോസഫ്.വി,സെക്രട്ടറി |
| ആകെ തുക | ₹1003297 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ,ബാബു ജോസഫ്.വി,<br>സെക്രട്ടറി | വിരമിച്ചു | വാളിയാങ്കൽ ഹൗസ്, കടത്തുംകടവ്, |

| | | |
|---|---|---|
| | | ഇരിട്ടി.പി.ഒ, കണ്ണൂർ. |
| ശ്രീ,ജ്യോതിഷ് ബാബു കെ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്. | കണ്ണിതോട്ടത്തിൽ(H) ചെക്കിക്കുളം പി.ഒ കണ്ണൂർ. 670706 |
| ശ്രീ.ജലാലുദ്ദീൻ.കെ.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വയത്തൂർ | വില്ലേജ് എക്‌ററൻഷൻ ഓഫീസർ,ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്. | കട്ടേരി(H) മാലൂർ.പി.ഒ കണ്ണൂർ. 670702 |
| ഡോ.രഞ്ജിത് മാത്യു, മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ എഫ് എച്ച്.സി,ഉളിക്കൽ | ഒറ്റ പ്ലാക്കൽ ഹൗസ്, അങ്ങാടിക്കടവ്, ഇരിട്ടി. |
| ശ്രീ.ബാലകൃഷ്ണൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കാണിച്ചാർ ഗ്രാമപഞ്ചായത്ത്. | കല്യാടൻ ഹൗസ്, പുന്നാട്.പി.ഒ |
| ശ്രീമതി ജെസ്സി ജോസഫ്, ഹെഡ്മാസ്റ്റർ | വിരമിച്ചു | പാലച്ചുവട്ടിൽ, കൊശവൻവയൽ പി.ഒ., പിൻ 670593 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 01 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 02 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 06 |
| 2012-13 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 05 |
| 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 06 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 03 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 02 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 01 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 1412/22 തീയതി 12-10-22 | 05 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി113/ 778/22 തീയതി 27-06-2022 | 27 |

| | | |
|---|---|---|
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 779/22 തീയതി 27-06-2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Ulikkal Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22655781.00 |
| Cash | Cash | RP-40(a) | 298956.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1490211.00 |
| 140000000 | Fees & User Charges | RP-4 | 916821.00 |
| 150000000 | Sale & Hire Charges | RP-5 | 251830.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 82368164.00 |
| 171000000 | Interest Earned | RP-9 | 374525.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 31666570.00 |
| 350000000 | Other Liabilities | RP-36 | 320696.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 725000.00 |
| 180000000 | Other Income | RP-10 | 1385.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 84862.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 129401.00 |
| 350000000 | Other Liabilities | RP-36 | 569970.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16203861.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | Grand total | | 158079033.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4992900.00 |
| 220000000 | Administrative Expenses | RP-12 | 913196.00 |
| 230000000 | Operations & Maintenance | RP-13 | 2030611.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 14836924.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 31739145.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1396581.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 3686448.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 226800.00 |
| 255000000 | Maintenance Projects | RP-20 | 16511394.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 4281617.00 |
| 280000000 | Prior Period item | RP-26 | -6150.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 606421.00 |
| 350000000 | Other Liabilities | RP-36 | 18085682.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1716.00 |
| 280000000 | Prior Period Item | RP-26 | -13160.00 |
| 311000000 | Earmarked Funds | RP-29 | 81000.00 |
| 340000000 | Deposits Received | RP-34 | 57189.00 |
| 350000000 | Other Liabilities | RP-36 | 3889030.00 |
| 410000000 | Fixed Assets | RP-38 | 10027185.00 |
| 412000000 | Capital work in Progress | RP-40 | 2240155.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7209068.00 |
| 460000000 | Loans, Advances and Deposits | RP-47 | 3293206.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31673388.00 |
| Cash | Cash | RP-40(b) | 318687.00 |
| | Grand Total | | 158079033.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Ulikkal Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7412847.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1149997.00 |
| 140000000 | Fee & User Charges | I-4(b) | 1369264.00 |
| 150000000 | Sale & Hire Charges | I-5(b) | 278010.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 307941321.00 |
| 170000000 | Income from Investments | I-7 | 725000.00 |
| 171000000 | Interest Earned | I-8 | 374525.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 1385.00 |
| | Total Income | | 319252349.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15799668.00 |
| 220000000 | Administrative Expenses | I-11(b) | 1273523.00 |
| 230000000 | Operations & Maintenance | I-12(b) | 2268790.00 |
| 240000000 | Interest & Finance Charges | I-13 | 1716.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 15097048.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 109438090.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2933664.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4223666.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 87970300.00 |
| 255000000 | Maintenance Projects | I-14(e) | 16511394.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 4281617.00 |
| 270000000 | Provisions and Write off | I-16 | 9643.00 |
| 272000000 | Depreciation | I-17(a) | 31242742.00 |
| | Total Expenditure | | 291051861.00 |
| | Gross Surplus/ Deficit of income over Expenditure | | 28200488.00 |
| 280000000 | Prior Period Item | I-18 | -262620.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 28463108.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Ulikkal Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 66140103.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 30871.00 |
| 312000000 | Reserves | B-3 | 138691677.00 |
| | Total Reserve & Surplus | | 204862651.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18557064.00 |
| | Total Grants, Contributions for Specific Purposes | | 18557064.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 45165109.00 |
| | Total Loans | | 45165109.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1701708.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2938828.70 |
| | Total Current Liabilities and Provisions | | 4640536.70 |
| | TOTAL LIABILITIES | | 273225361.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 285636893.00 |
| 411000000 | Accumulated Depreciation | B-11 | -116370616.00 |
| 412000000 | Capital Work in Progress | B-11(a) | 2841223.00 |
| | Total Fixed Assets | | 172107500.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000000.00 |
| | Total Investments | | 10000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7315366.00 |
| 440000000 | Pre-paid Expenses | B-16 | 48699776.00 |
| 450000000 | Cash and Bank Balance | B-17 | 31992075.00 |
| 460000000 | Loans, Advances and Deposits | B-18 | 3110644.00 |
| | Total Current Assets, Loans and Advances | | 91117861.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 273225361.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.